
Deivarajyam May 2018
I R.N.7623/63
Registered No. KL/ALY/0020/2017-2019 I R.N. 7623/1963
Date of publication: 1/5/2018
I Posted at Thodupuzha Stg.
Annual Subscription ₹ 100.00



ST. JOSEPH



DOMINIC SAVIO



ST. MATHIAS



ASCENSION




HOLY TRINITY

Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691


മെയ് 2018 വാല്യം 57 ലക്കം 5

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ








2018 ഏപ്രിൽ 10–ാം തീയതി കൂദാശ ചെയ്ത
രാജഗിരി (വെള്ളെള്ള്) ക്രിസ്തുരാജ ദൈവാലയം





2018 ഏപ്രിൽ 28–ാം തീയതി കൂദാശ ചെയ്ത
പെരുമ്പല്ലൂർ വിശുദ്ധ പത്താം പിയൂസ് ദൈവാലയം

# ദൈവരാജ്യം


## ഉള്ളടക്കം


5 മാർപാപ്പായുടെ ലോക ദൈവവിളിസന്ദേശം
10 സർക്കുലർ
13 രൂപതക്കച്ചേരി
19 മൈനർ സെമിനാരി
20 വിജ്ഞാനഭവൻ
23 വിദ്യാഭ്യാസം
24 സോഷ്യൽ സർവീസ്
25 ചെറുപുഷ്പ മിഷൻലീഗ്
26 ഫാമിലി അപ്പോസ്റ്റലേറ്റ്
28 മാതൃവേദി
29 ഡി. എഫ്. സി.
31 യുവദീപ്തി
31 ജീസസ് യൂത്ത്
32 ഡി. സി. എം. എസ്.
32 എ. കെ. സി. സി.
33 ഇൻഫാം
34 അല്മായഫ്രാൻസിസ്കൻ സഭ
34 പ്രാർത്ഥനാഗ്രൂപ്പ്
35 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
37 കേരള ലേബർ മൂവ്മെന്റ്
37 നെസ്റ്റ് പ്രോഗ്രാം
38 രൂപതാദ്ധ്യക്ഷന്റെ ഡയറി
41 **Bishop's Engagements**
41 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
42 നിര്യാതരായി



*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

വാല്യം 57
മെയ് 2018
ലക്കം 5



The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com




## ഓർമ്മിക്കാൻ

### മെയ്

| | | |
|---|---|---|
| 2-4 | - | Pre-Marriage Course |
| 8 | - | Vestition & Orders |
| 10-13 | - | ഏയ്ഞ്ചൽസ് ആർമി ഫാമിലി ധ്യാനം |
| 12 | - | ജൂബിലി സ്മാരക സ്കോളർഷിപ്പ് പരീക്ഷ |
| 13 | - | മാതൃദിനം |
| 13 | - | AKCC ശതാബ്ദി പ്രതിനിധി സമ്മേളനം |
| 16-18 | - | Pre-Marriage Course |
| 26 | - | DFC സംസ്ഥാന സമ്മേളന റാലി |

### തിരുനാളുകൾ

| | | |
|---|---|---|
| 1 | : | തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ് |
| 2 | : | വി. അത്തനേഷ്യസ് |
| 3 | : | വി. പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ |
| 6 | : | വി. ഡൊമിനിക് സാവിയോ |
| 10 | : | നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം |
| 13 | : | വി. മത്തിയാസ് ശ്ലീഹ |
| 20 | : | പന്തക്കുസ്താ തിരുനാൾ |
| 27 | : | പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ |
| 31 | : | പരിശുദ്ധ കുർബാനയുടെ തിരുനാൾ<br>പരിശുദ്ധ കന്യകാമറിയത്തിന്റെ സന്ദർശനം |

Ref: 3061/K-5/KCBC/OL/DS 9.4.2018

# 2018 ലോകദൈവവിളി ദിനാചരണം

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

പ്രിയ സഹോദരീ സഹോദരന്മാരേ,

മെത്രാന്മാരുടെ സിനഡിന്റെ 15-ാം സാധാരണ സമ്മേളനം അടുത്ത ഒക്ടോബറിൽ നടക്കും. അതിൽ ചർച്ചചെയ്യുന്ന പ്രമേയം യുവജനങ്ങൾ, വിശ്വാസം, ദൈവവിളി എന്നിവ തമ്മിലുള്ള ബന്ധം എന്നതാണ്. സന്തോഷത്തിലേക്ക് ദൈവം നല്കുന്ന വിളി എങ്ങനെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്തുള്ളതായിരിക്കുന്നുവെന്ന് കൂടുതൽ ആഴത്തിൽ ചിന്തിക്കാനുള്ള ഒരവസരമായിരിക്കും അത്. ഈ വിളി ഓരോ "യുഗത്തിലെയും സ്ത്രീപുരുഷന്മാരെ സംബന്ധിച്ച ദൈവിക പദ്ധതിയായിരിക്കുമെന്നും" ചിന്തിക്കാനുള്ള അവസരം തന്നെ (Synod of Bishops, XV Ordinary Genral Assembly, Young People, The Faith and Vocational Discernment, Introduction).

ദൈവവിളിക്കായുള്ള പ്രാർത്ഥനയുടെ അമ്പത്തി അഞ്ചാം ലോക ദിനം ഒരിക്കൽകൂടി ഉറപ്പോടെ ഈ സദ്വാർത്ത നമ്മെ അറിയിക്കുന്നു. നാം ആകസ്മികതയുടെ ഇരകളോ പരസ്പര ബന്ധമില്ലാത്ത സംഭവങ്ങളുടെ പരമ്പരയിൽ തൂത്തുവാരപ്പെട്ടവരോ അല്ല. നേരേമറിച്ച്, ഈ ലോകത്തിലെ നമ്മുടെ ജീവിതവും സാന്നിധ്യവും ദൈവികവിളിയുടെ ഫലമാണ്!

ദൈവം നമ്മെ കണ്ടുമുട്ടാൻ നിരന്തരം വരുന്നുവെന്ന് പ്രയാസങ്ങൾ നിറഞ്ഞ ഈ കാലഘട്ടങ്ങളിലും മനുഷ്യാവതാര രഹസ്യം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. മിക്കപ്പോഴും നമ്മുടെ ജീവിതത്തിന്റെ പൊടിപടലം നിറഞ്ഞ വഴികളിലൂടെ സഞ്ചരിക്കുന്ന, നമ്മോടു കൂടെയുള്ള ദൈവമാണ് അവിടന്ന്. സ്നേഹത്തിനുവേണ്ടിയുള്ള ഉത്കണ്ഠനിറഞ്ഞ നമ്മുടെ ആഗ്രഹം അവിടന്ന് അറിയുന്നു. അവിടന്ന് നമ്മെ വിളിക്കുന്നു. വ്യക്തിപരവും സഭാപരവുമായ ഓരോ വിളിയുടെയും വൈവിധ്യത്തിലും അനന്യതയിലും ഒരു കാര്യം ആവശ്യമുണ്ട്: വചനം ശ്രവിക്കുക, വേർതിരിച്ചറിയുക, ജീവിക്കുക. ഈ വചനം ഉന്നതത്തിൽനിന്ന് നമ്മെ വിളിക്കുന്നു; നമ്മുടെ കഴിവുകളെ വികസിപ്പിക്കാൻ സഹായിക്കുന്നു; ലോകത്തിൽ രക്ഷയുടെ ഉപകരണങ്ങളാക്കുന്നു; നമ്മെ സമ്പൂർണ സന്തോഷത്തിലേക്കു നയിക്കുകയും ചെയ്യുന്നു.

ശ്രവിക്കുക, വിവേചിച്ചറിയുക, ജീവിക്കുക എന്നീ മൂന്നു വശങ്ങളും യേശുവിന്റെതന്നെ ദൗത്യത്തിന്റെ ആരംഭത്തിൽ ഉണ്ടായിരു





ന്നു - പ്രാർത്ഥനയുടെയും മരുഭൂമിയിലെ പോരാട്ടത്തിന്റെയും ശേഷം അവിടന്ന് നസ്രത്തിലെ സിനഗോഗു സന്ദർശിച്ചപ്പോൾത്തന്നെ. അവിടെ അവിടന്ന് വചനം ശ്രവിച്ചു. പിതാവ് തന്നെ ഏല്പിച്ച ദൗത്യത്തിന്റെ ഉള്ളടക്കം തിരിച്ചറിഞ്ഞു. ആ ദൗത്യം "ഇന്ന്" പൂർത്തീകരിക്കാൻ താൻ വന്നിരിക്കുന്നുവെന്ന് അവിടന്നു പ്രഘോഷിക്കുകയും ചെയ്തു (ലൂക്കാ 4:16-21).

**ശ്രവിക്കൽ**

തുടക്കത്തിൽത്തന്നെ ഒരു കാര്യം വ്യക്തമാക്കിക്കൊള്ളട്ടെ. കർത്താവിന്റെ വിളി നമ്മുടെ അനുദിനജീവിതത്തിൽ കേൾക്കുകയും കാണുകയും തൊടുകയും ചെയ്യുന്ന മറ്റു കാര്യങ്ങളെപ്പോലെ വ്യക്തമല്ല. ദൈവം നിശ്ശബ്ദനായി, രഹസ്യമായി, നമ്മുടെ സ്വാതന്ത്ര്യത്തെ തടയാതെ വരുന്നു. അതുകൊണ്ട് നമ്മുടെ മനസ്സുകളെയും ഹൃദയങ്ങളെയും നിറയ്ക്കുന്ന അനേകം ആകുലതകളിലും താത്പര്യങ്ങളിലും അവിടത്തെ വിളി മുങ്ങിപ്പോയെന്നു വരാം. അതുകൊണ്ട് അവിടത്തെ വചനവും അവിടത്തെ ജീവിതകഥയും ശ്രദ്ധാപൂർവം കേൾക്കേണ്ടത് എങ്ങനെയെന്ന് നാം പഠിക്കേണ്ടിയിരിക്കുന്നു. അതേ സമയം, നമ്മുടെ അനുദിനജീവിതത്തിന്റെ വിശദാംശങ്ങളിൽ ശ്രദ്ധിക്കുകയും വേണം. വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് കാര്യങ്ങളെ എങ്ങനെ കാണാമെന്നു പഠിക്കാനും പരിശുദ്ധാത്മാവിന്റെ വിസ്മയിപ്പിക്കലിലേക്ക് തുറവിയുള്ളവരായിരിക്കാനും വേണ്ടിത്തന്നെ.

നാം നമ്മിൽത്തന്നെ അടച്ചുപൂട്ടിയിരുന്നാൽ, നമ്മുടെ സാധാരണ കാര്യങ്ങളിൽത്തന്നെ വ്യാപരിച്ചാൽ, തങ്ങളുടെ ജീവിതത്തെ തങ്ങളുടെ ചെറിയ ലോകത്ത് ഉരുക്കിക്കളയുന്നവരായി നിലകൊണ്ടാൽ, നമ്മെ സംബന്ധിച്ച് ദൈവിക മനസ്സിലുള്ള സവിശേഷവും വ്യക്തിപരവുമായ വിളി നാം ഒരിക്കലും കേൾക്കുകയില്ല. വലിയ കാര്യങ്ങളെ സ്വപ്നം കാണാനുള്ള അവസരം നമുക്കു നഷ്ടമാകും. നമ്മോടൊത്ത് ദൈവം എഴുതാൻ ഉദ്ദേശിക്കുന്ന അനന്യമായ കഥയിൽ നമുക്ക് പങ്കില്ലാതാകും.

യേശുവും വിളിക്കപ്പെട്ട് അയയ്ക്കപ്പെട്ടു. അതുകൊണ്ടാണ് നിശ്ശബ്ദതയിലുള്ള ധ്യാനം അവിടത്തേക്ക് ആവശ്യമായി വന്നത്. അവിടന്ന് സിനഗോഗിൽ വചനം ശ്രദ്ധിച്ചു കേൾക്കുകയും വായിക്കുകയും ചെയ്തു. പരിശുദ്ധാത്മാവിന്റെ പ്രകാശവും ശക്തിയുംകൊണ്ട് അവിടന്ന് അതിന്റെ പൂർണമായ അർത്ഥം വെളിപ്പെടുത്തി. തന്നെത്തന്നെയും ഇസ്രായേൽ ജനത്തിന്റെ ചരിത്രത്തെയും പരാമർശിക്കുന്ന പൂർണമായ അർത്ഥത്തെത്തന്നെ.

കേൾക്കുകയെന്നത് പ്രയാസമേറിയ കാര്യമായിത്തീരുകയാണ് ഇന്ന്. നമ്മൾ ശബ്ദംനിറഞ്ഞ സമൂഹത്തിൽ മുങ്ങിക്കിടക്കുന്നു. വിവരങ്ങൾ നമ്മെ അമിതമായി ഉദ്ദീപിപ്പിക്കുകയും ആക്രമിക്കുകയും ചെയ്യുന്നു. നമ്മുടെ നഗരങ്ങളിലും അയൽപ്രദേശങ്ങളിലും ചിലപ്പോഴെല്ലാം പ്രബലപ്പെടുന്ന ബാഹ്യശബ്ദത്തോടൊപ്പം മിക്കപ്പോഴും നമ്മുടെ ആന്തരികമായ ചിതറലും ആശയക്കുഴപ്പവുമുണ്ടാകും. സ്വസ്ഥതയോടെയിരുന്ന് ധ്യാനത്തിന്റെ രുചി ആസ്വദിക്കാൻ തടസ്സമുണ്ടാകുന്നു.

നമ്മുടെ ജീവിതസംഭവങ്ങളെപ്പറ്റി വ്യക്തമായി ചിന്തിക്കാൻ, ദൈവത്തിന്റെ സ്നേഹപൂർണമായ പദ്ധതികൾ വിശ്വസിച്ച് ആശ്രയിച്ച് നമ്മുടെ ജോലികൾ ചെയ്യാൻ, ഫലപൂർണമായ ഒരു തിരിച്ചറിയൽ നടത്താൻ തടസ്സമുണ്ടാകുന്നു.

എന്നാലും, നമുക്ക് അറിയാവുന്നതുപോലെ ദൈവരാജ്യം നിശ്ശബ്ദതയോടെ തടസ്സമില്ലാതെ വരുന്നു (cf ലൂക്കാ 17:21). അതിന്റെ വിത്തുകൾ ശേഖരിക്കാൻ ഏലിയാ പ്രവാചകനെപ്പോലെ നമ്മുടെ ആത്മാവിന്റെ ആഴങ്ങളിലേക്ക് ഇറങ്ങണം. ദൈവിക ഇളംകാറ്റിന്റെ മനസ്സിലാക്കാനാവാത്ത മൃദുലശബ്ദം കേൾക്കാൻ നമ്മെത്തന്നെ തുറക്കണം (cf 1 രാജാ 19:11-13).

**വിവേചിച്ചറിയൽ**

യേശു നസ്രത്തിലെ സിനഗോഗിൽ ഏശയ്യാപ്രവാചകന്റെ ഗ്രന്ഥത്തിലെ ഒരു ഭാഗം വായിച്ചപ്പോൾ താൻ അയയ്ക്കപ്പെട്ടിരിക്കുന്നത് ഏതു ദൗത്യത്തിനുവേണ്ടിയാണോ അതിന്റെ ഉള്ളടക്കം തിരിച്ചറിഞ്ഞു. മിശിഹായെ കാത്തിരിക്കുന്നവരുടെ മുമ്പിൽ അത് അവതരിപ്പിച്ചു: "കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19).

ഇതുപോലെ, നമ്മിൽ ഓരോരുത്തർക്കും ആധ്യാത്മിക തിരിച്ചറിവിലൂടെ മാത്രമേ സ്വന്തം വിളി തിരിച്ചറിയാൻ കഴിയുകയുള്ളൂ. "ഒരു വ്യക്തി മൗലികമായ തിരഞ്ഞെടുപ്പുകൾ നടത്തുന്ന ഒരു പ്രക്രിയയാണിത്- കർത്താവിനോട് സംഭാഷണം നടത്തിയും പരിശുദ്ധാത്മാവിന്റെ ശബ്ദം ശ്രദ്ധാപൂർവം കേട്ടും നടത്തുന്ന തിരഞ്ഞെടുപ്പുകൾ. അവയുടെ തുടക്കം ജീവിതാവസ്ഥയുടെ തിരഞ്ഞെടുപ്പാണ്" (Synod of Bishops, XV Ordinary General Assembly, Youth, the Faith and Vocational Discernment, II 2).





അങ്ങനെ ക്രൈസ്തവവിളിക്ക് എപ്പോഴും പ്രവാചകപരമായ ഒരു മാനമുണ്ടെന്ന് നാം കണ്ടെത്തുന്നു. പ്രവാചകർ ജനങ്ങളിലേക്ക് അയയ്ക്കപ്പെട്ടത് ഭൗതികമായ വലിയ അരക്ഷിതത്വത്തിലും ആധ്യാത്മികവും ധാർമികവുമായ സംഘർഷാവസ്ഥയിലുമാണെന്നും അവരെ അയച്ചത് ദൈവനാമത്തിൽ മാനസാന്തരത്തിന്റെയും പ്രത്യാശയുടെയും ആശ്വാസത്തിന്റെയും സന്ദേശം അറിയിക്കാനാണെന്നും വിശുദ്ധ ഗ്രന്ഥം നമ്മോടു പറയുന്നുണ്ട്. കർത്താവിന്റെ വചനം മറന്നുകഴിഞ്ഞ മനസ്സാക്ഷികളുടെ മിഥ്യയായ പ്രശാന്തതയെ പ്രവാചകൻ ചുഴലിക്കാറ്റുപോലെ തകർക്കുന്നു. അദ്ദേഹം ദൈവത്തിന്റെ വാഗ്ദാനത്തിന്റെ വെളിച്ചത്തിൽ സംഭവങ്ങളെ വകതിരിച്ചറിയുന്നു. ചരിത്രത്തിന്റെ ഇരുണ്ട നിഴലുകൾക്കിടയിൽ പ്രഭാതത്തിന്റെ അടയാളങ്ങൾ കാണാൻ ജനങ്ങളെ ശക്തരാക്കുകയും ചെയ്യുന്നു.

ഇന്നും നമുക്ക് തിരിച്ചറിയലിന്റെയും പ്രവചനത്തിന്റെയും വലിയ ആവശ്യമുണ്ട്. ആദർശവാദത്തിന്റെയും നിഷേധാത്മകതയുടെയും പ്രലോഭനങ്ങളെ നാം തടഞ്ഞുനിറുത്തണം. കർത്താവിനോടുള്ള നമ്മുടെ ബന്ധത്തിൽ, അവിടന്നു നമ്മെ വിളിക്കുന്ന സ്ഥലങ്ങളെയും മാർഗങ്ങളെയും സാഹചര്യങ്ങളെയും നാം കണ്ടെത്തുകയും വേണം. ഓരോ ക്രൈസ്തവനും തന്റെ ജീവിതത്തെ "അതിൽത്തന്നെ" വായിച്ചറിയാൻവേണ്ട കഴിവ് വളർത്തണം. കർത്താവ് തന്റെ ദൗത്യം വഹിക്കാൻ വിളിക്കുന്നത് എവിടെയാണ്, എന്തിലേക്കാണ് എന്നൊക്കെ മനസ്സിലാക്കാനുള്ള കഴിവും വളർത്തണം.

**ജീവിക്കൽ**

അവസാനമായി, അനേകരെ ആവേശംകൊള്ളിക്കുകയും മറ്റനേകരുടെ ഹൃദയം കഠിനമാക്കുകയും ചെയ്യുന്ന ഈ മണിക്കൂറിന്റെ പുതുമ യേശു അറിയിക്കുന്നു. സമയത്തിന്റെ പൂർണത വന്നുകഴിഞ്ഞു. അവിടന്നാണ് ഏശയ്യാ പ്രവചിച്ച മിശിഹാ. ബന്ധിതരെ സ്വതന്ത്രരാക്കാനും അന്ധർക്കു കാഴ്ച നല്കാനും ഓരോ സൃഷ്ടിയോടും ദൈവത്തിന്റെ കരുണാപൂർണമായ സ്നേഹം പ്രഘോഷിക്കാനും വന്ന മിശിഹാ തന്നെ. യഥാർത്ഥത്തിൽ യേശു പറയുന്നു: "ഇന്ന് നിങ്ങൾ കേൾക്കെത്തന്നെ ഈ വിശുദ്ധ ലിഖിതം നിറവേറിയിരിക്കുന്നു" (ലൂക്കാ 4:21).

ദൈവത്തെയും നമ്മുടെ സഹോദരീസഹോദരന്മാരെയും കണ്ടുമുട്ടാൻ നമ്മെ തുറവിയുള്ളവരാക്കുന്ന സുവിശേഷത്തിന്റെ സന്തോഷം നമ്മുടെ അലസതയെയും മന്ദതയെയും നിലനിറുത്തുകയില്ല. തീരുമാനമെടുക്കുന്നതിന്റെ സാഹസികത ഇന്നുതന്നെ സ്വീകരിക്കാതിരു

ന്നാൽ, ശരിയായ സമയം കാത്തിരിക്കുന്നുവെന്ന ഒഴിവുകഴിവു പറഞ്ഞ് ജനലിനരുകിൽ നിന്നാൽ അത് നമ്മുടെ ഹൃദയത്തെ നിറയ്ക്കുകയില്ല. വിളി ഇന്നാണ്! ക്രൈസ്തവദൗത്യം ഇന്നാണ്! നമ്മിൽ ഓരോരുത്തരും വിളിക്കപ്പെടുന്നു. അത് വിവാഹം ചെയ്തുകൊണ്ടുള്ള അല്മായ ജീവിതത്തിലേക്കായാലും പട്ടം സ്വീകരിച്ച് വൈദിക ജീവിതത്തിലേക്കായാലും സവിശേഷമായ സമർപ്പണത്തിലേക്കായാലും നാം വിളിക്കപ്പെടുന്നു - ഇവിടെ, ഇപ്പോൾ കർത്താവിന്റെ സാക്ഷി ആകാൻ തന്നെ.

യേശു പ്രഘോഷിച്ച ഈ "ഇന്ന്" ഒരു കാര്യം ഉറപ്പുതരുന്നു. നമ്മുടെ മനുഷ്യവംശത്തെ രക്ഷിക്കാനും തന്റെ ദൗത്യത്തിൽ നമ്മെ പങ്കാളികളാക്കാനും ദൈവം തന്റെ "ഇറങ്ങിവരവ്" തുടർന്നുകൊണ്ടിരിക്കുന്നു എന്നതാണ് ആ കാര്യം. പ്രത്യേകമായ അടുപ്പത്തോടെ തന്നോടൊത്തു ജീവിക്കാനും തന്നെ അനുഗമിക്കാനും മറ്റുള്ളവരെ വിളിക്കൽ കർത്താവ് തുടർന്നുകൊണ്ടിരിക്കുന്നു. തന്നെ നേരിട്ടു സേവിക്കാൻ അവിടന്ന് മറ്റുള്ളവരെ വിളിച്ചുകൊണ്ടിരിക്കുന്നു. അവിടത്തെ രാജ്യത്തിനുവേണ്ടി നമ്മെത്തന്നെ പൂർണമായി സമർപ്പിക്കാൻ അവിടന്നു നമ്മെ വിളിക്കുന്നുവെന്നു തിരിച്ചറിയാൻ അവിടന്ന് അനുവദിച്ചാൽ നാം ഒട്ടും ഭയപ്പെടരുത്. പൂർണമായും എന്നേക്കും ദൈവത്തിനും നമ്മുടെ സഹോദരീസഹോദരന്മാർക്കുമായുള്ള സേവനത്തിനുംവേണ്ടി സ്വയം സമർപ്പിക്കുകയെന്നത് മനോഹരമാണ് - വലിയ ദൈവകൃപയുമാണ്.

തന്നെ അനുഗമിക്കാൻ കർത്താവ് ഇന്ന് തന്റെ വിളി തുടർന്നുകൊണ്ടിരിക്കുന്നു. ഉദാരതയോടെ സമ്മതം പറയുന്നതിന് നാം പൂർണതയുള്ളവരാകാൻ കാത്തിരിക്കേണ്ടതില്ല; നമ്മുടെ പരിമിതികളും പാപങ്ങളും ഓർത്ത് ഭയപ്പെടുകയും വേണ്ട. മറിച്ച്, നമ്മുടെ ഹൃദയങ്ങളെ കർത്താവിങ്കലേക്കു തുറക്കണം. ആ ശബ്ദം കേൾക്കാൻ, സഭയിലും ലോകത്തിലുമുള്ള നമ്മുടെ ദൗത്യം തിരിച്ചറിയാൻ അവസാനമായി ദൈവം നമുക്കു നല്കുന്ന ഈ ദിവസം അതനുസരിച്ചു ജീവിക്കാൻ തന്നെ. അറിയപ്പെടാതെ ജീവിച്ചിരുന്ന ചെറുപ്പക്കാരിയായ ഏറ്റവും പരിശുദ്ധ കന്യകാമറിയം ശരീരമായിത്തീർന്ന ദൈവവചനത്തെ കേൾക്കുകയും അനുഭവിച്ചറിയുകയും ചെയ്തു. അവൾ നമ്മുടെ യാത്രയിൽ എപ്പോഴും നമ്മെ സംരക്ഷിക്കുകയും നമ്മോടൊപ്പമുണ്ടായിരിക്കുകയും ചെയ്യട്ടെ!

**ഫ്രാൻസിസ് മാർപാപ്പാ**





### സർക്കുലർ

## കത്തോലിക്ക കോൺഗ്രസ്സ് ശതാബ്ദിയാഘോഷം

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരങ്ങളേ,

സീറോ മലബാർ സഭയുടെ അല്മായ സംഘടനയായ കത്തോലിക്ക കോൺഗ്രസ് നൂറ് വർഷങ്ങൾ പൂർത്തിയാക്കുകയാണ്. കത്തോലിക്ക കോൺഗ്രസിന്റെ ശതാബ്ദിയാഘോഷങ്ങൾ മെയ് മാസം 11 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ തൃശ്ശൂരിൽ നടക്കുകയാണ്. 1918-ൽ ചങ്ങനാശ്ശേരിയിൽ ഉദ്ഘാടനം ചെയ്ത കേരള കത്തോലിക്ക മഹാജനസഭ എന്ന സംഘടനയാണ് ഇന്ന് കത്തോലിക്ക കോൺഗ്രസ് എന്ന പേരിൽ ശതാബ്ദിയാഘോഷത്തിൽ എത്തിനിൽക്കുന്നത്. കത്തോലിക്ക തിരുസഭയിൽ അല്മായരുടെ ദൗത്യത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം നിർവചിക്കുന്നുണ്ട്: ഭൗതിക ജീവിത സംവിധാനങ്ങളെ ദൈവഹിതമനുസരിച്ച് ക്രമീകരിക്കാനും മെത്രാന്മാരോടും വൈദികരോടും ചേർന്നു നിന്നുകൊണ്ട് ലോകത്തിൽ സുവിശേഷത്തിന്റെ പുളിമാവും ഭൂമിയുടെ ഉപ്പുമായിത്തീരാനുമുള്ളതാണ് അല്മായരുടെ ദൈവവിളി. ഈ പ്രബോധനം രൂപപ്പെടുന്നതിനും വർഷങ്ങൾക്കുമുമ്പേ നമ്മുടെ സഭയിൽ ആരംഭിച്ച കത്തോലിക്ക കോൺഗ്രസ് രണ്ടാംവത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്ത അല്മായ ദൗത്യം കാര്യക്ഷമമായി നിർവ്വഹിക്കുകയുണ്ടായി.

സീറോ മലബാർ സഭാംഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും സാമുദായികവും സാംസ്കാരികവും രാഷ്ട്രീയപരവുമായ താൽപ്പര്യങ്ങളുടെ സംരക്ഷണത്തിനും സമുദായത്തിന്റെ സമഗ്രവളർച്ചയ്ക്കുവേണ്ടി പതിറ്റാണ്ടുകളായി കത്തോലിക്ക കോൺഗ്രസ് നൽകിയ നിസ്തുലമായ സംഭാവനകളെയും ആദ്യകാല നേതാക്കന്മാരെയും നമ്മൾ ഓർമ്മിക്കേണ്ടതുണ്ട്. സമീപ കാലഘട്ടങ്ങളിൽ പലവിധ കാരണങ്ങളാൽ സംഘടനയുടെ ശക്തി കുറഞ്ഞുവന്ന സാഹചര്യത്തിലാണ് സീറോ മലബാർ മെത്രാൻ സിനഡ് കത്തോലിക്ക കോൺഗ്രസിന്റെ പുതിയ നിയമാവലി അംഗീകരിക്കുകയും അതുവഴി സംഘടനയെ ശക്തിപ്പെടുത്തുന്ന പ്രവർത്തന സംവിധാനം രൂപപ്പെടുത്തുകയും ചെയ്തത്. ഇന്ന് കത്തോലിക്ക കോൺഗ്രസ് അതിന്റെ കഴിഞ്ഞകാല പ്രതാപത്തിലേക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങളിലൂടെ അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്.

കത്തോലിക്ക കോൺഗ്രസിന്റെ ശതാബ്ദിയാഘോഷങ്ങളുടെ പ്രാധാന്യം അടങ്ങിയിരിക്കുന്നത് ഈ സംഘടനയുടെ ആനുകാലിക പ്രസക്തിയിലാണ്. ആന്തരികവും ബാഹ്യവുമായ വെല്ലുവിളികൾ ഏതൊരു സമൂഹത്തെയും പോലെ നമ്മുടെ സമുദായത്തിനും എക്കാലവും നേരിടേണ്ടിവന്നിട്ടുണ്ട്. എന്നാൽ ഇന്ന് നമ്മുടെ സഭ നേരിടുന്ന വെല്ലുവിളികൾ സജീവ ശ്രദ്ധയും ജാഗ്രതയും ആവശ്യപ്പെടുന്നവയാണ്. സുവിശേഷ സാക്ഷ്യത്തിന്റെ പ്രധാന വേദികളായ വിദ്യാഭ്യാസം, ആതുരസേവനം, രാഷ്ട്രസേവനം എന്നീ മേഖലകളിൽ നമ്മുടെ സമുദായം നൽകിയ അതുല്യ സംഭാവനകൾ തമസ്കരിക്കുകയും, സഭയുടെ സേവനമേഖലകളിൽ മാർഗ്ഗതടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന പുതിയ പ്രവണതയെ നമുക്ക് കണ്ടില്ലെന്ന് നടിക്കാനാവില്ല. മതേതരത്വത്തിന്റെ മഹനീയ ആശയം ഉയർത്തിപ്പിടിക്കുന്ന ഭാരതത്തിന്റെ ഭരണഘടനയുടെ യഥാർത്ഥ ചൈതന്യവും ഭരണഘടന ഉറപ്പു നൽകിയിരിക്കുന്ന ന്യൂനപക്ഷാവകാശങ്ങളും ധ്വംസിക്കപ്പെടുന്ന സാഹചര്യങ്ങൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. രണ്ടായിരം വർഷങ്ങളായി ഭാരതീയ സംസ്കാരത്തിൽ ഉൾച്ചേർന്ന് ജീവിച്ചവരാണ് ക്രൈസ്തവരെന്ന് നമ്മെത്തന്നെയും മറ്റുള്ളവരെയും ഓർമ്മപ്പെടുത്തേണ്ട ആവശ്യകതയിലൂടെയാണ് നമ്മൾ കടന്നു പോകുന്നത്. ഇത്തരം സാഹചര്യങ്ങളും സമാനമായ മറ്റ് പ്രതിസന്ധികളും വളർന്നു വരുന്ന ഈ സാഹചര്യത്തിൽ ഐക്യത്തോടെ പ്രവർത്തിക്കുക, സംഘടിതമായി പ്രതികരിക്കുക എന്ന കാലഘട്ടത്തിന്റെ ആവശ്യത്തോടുള്ള ക്രിയാത്മക പ്രതികരണമാണ് കത്തോലിക്ക കോൺഗ്രസിന്റെ ശതാബ്ദിയാഘോഷം.

യേശുവിനോടും സഭയോടുമൊത്ത്, സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും മനുഷ്യകുലം മുഴുവന്റെയും പ്രകൃതിയുടെയും നിലനിൽപ്പിനും പുരോഗതിക്കുമായി ഒരുമയോടെ പ്രവർത്തിക്കേണ്ടതുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെന്ന പോലെ ഭാരതത്തിലും പീഡിപ്പിക്കപ്പെടുന്ന ക്രൈസതവ സഹോദരങ്ങളോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കുവാനും, മൗലികാവകാശങ്ങളുടെ നിഷേധത്തിനെതിരെയും വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കുന്ന നയങ്ങൾക്കെതിരെയുമുള്ള പ്രതിഷേധം പ്രകടിപ്പിക്കാനുമുള്ള വേദിയാണ് ഈ ഒത്തുചേരൽ. ഭാരതത്തിൽ ക്രൈസ്തവ വിശ്വാസം പ്രഘോഷിക്കാനും, ഭയം കൂടാതെ ജീവിക്കാനുമുള്ള ഭരണഘടനാവകാശം കാത്തുസൂക്ഷിക്കേണ്ടത്, പൂർവ്വികരോടും വരും തലമുറയോടും നമുക്കുള്ള





കടപ്പാടും കടമയുമാണ്. വൈവിധ്യങ്ങളുടെ നടുവിലും, പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോഴും നമ്മൾ ചഞ്ചലചിത്തരല്ലെന്നും എല്ലാറ്റിനെയും അതിജീവിക്കുന്ന കൂട്ടായ്മയും സ്നേഹവും നമുക്ക് സ്വന്തമാണെന്നും തെളിയിക്കാനുള്ള വേദികൂടിയാണ് കത്തോലിക്ക കോൺഗ്രസിന്റെ ശതാബ്ദിയാഘോഷം.

മതേതരത്വം രാഷ്ട്ര പുരോഗതിക്ക് എന്നതാണ് ശതാബ്ദിയാഘോഷങ്ങൾക്ക് നമ്മൾ സ്വീകരിച്ചിരിക്കുന്ന മുദ്രാവാക്യം. ഈ ആശയമാണ് നമ്മുടെ സമുദായ മഹാസമ്മേളനത്തിനൊരുക്കമായി വിവിധ തലങ്ങളിൽ ചർച്ച ചെയ്യേണ്ടത്. ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി ഇടവക, ഫൊറോന, രൂപത തലങ്ങളിൽ ആശയ കൈമാറ്റത്തിനും സമന്വയത്തിനുമുള്ള വേദികൾ ഒരുക്കണം. ഒരു തരത്തിലുമുള്ള വിഭാഗീയതയും സമുദായ ഐക്യത്തെ തകർക്കാതിരിക്കാൻ ജാഗരൂകരായിരിക്കണം. കത്തോലിക്കാ കോൺഗ്രസിന്റെ ശതാബ്ദി ആഘോഷം സഭയുടെയും സമുദായത്തിന്റെയും കൂട്ടായ്മ വിളിച്ചോതുന്ന ചരിത്ര മുഹൂർത്തമാക്കി മാറ്റാൻ എല്ലാവരും പരിശ്രമിക്കേണ്ടതുണ്ട്. നമ്മുടെ ഓരോ കുടുംബത്തിൽ നിന്നും ഒരാളെങ്കിലും കത്തോലിക്കാ കോൺഗ്രസ്സ് യോഗങ്ങളിൽ എത്തിചേരേണ്ടതാണ്. ബഹു. വൈദികരും സമർപ്പിതരും അല്മായ നേതാക്കളും ഈ ലക്ഷ്യത്തോടെ വേണം പ്രവർത്തിക്കുവാൻ.

2018 മെയ് 11,12,13,14 തീയതികളിൽ തൃശ്ശൂരിൽ നടക്കുന്ന ശതാബ്ദി സമാപന സമ്മേളനത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അല്മായ പ്രതിനിധികൾ പങ്കെടുക്കുന്നു. സഭയുടെ പിതാവും തലവനുമായ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനോടൊപ്പം സഭയിലെ എല്ലാ പിതാക്കന്മാരും സമ്മേളനത്തിൽ അണിചേരുമ്പോൾ ഈ സമ്മേളനം ചരിത്രത്തിൽ ഇടം പിടിക്കുമെന്ന് ഉറപ്പാണ്. മെയ് 11-ന് മൺമറഞ്ഞ സമുദായനേതാക്കളുടെ ഛായചിത്രങ്ങൾ തൃശ്ശൂരിലെ സമ്മേളന നഗരിയിലേക്ക് ആഘോഷമായി കൊണ്ടുവരുന്ന ചടങ്ങ് നടക്കുന്നു. മെയ് 12-ന് ഗ്ലോബൽ വർക്കിംഗ് കമ്മറ്റി സമ്മേളനവും പതാക ഉയർത്തലുമാണ് പ്രധാന പരിപാടികൾ. മെയ് 13-ന് ഒരുലക്ഷം പേർ പങ്കെടുക്കുന്ന റാലിയും സമുദായ മഹാസമ്മേളനവും നടക്കും. മെയ് 14-ന് പ്രതിനിധി സമ്മേളനത്തോടെ ശതാബ്ദിയാഘോഷങ്ങൾക്ക് സമാപനമാകും.

പ്രിയമുള്ളവരേ, നമ്മുടെ വിശ്വാസവും ബോധ്യങ്ങളും മുറുകെ പിടിച്ച് കൊണ്ട്, നീതിക്കും സത്യത്തിനും സമാധാനത്തിനും വേണ്ടി

പ്രവർത്തന നിരതരാകാനുള്ള പ്രതിബദ്ധത നവീകരിക്കുവാൻ മെയ് 13 -ാം തീയതി തൃശ്ശൂരിൽ നടക്കുന്ന മഹാറാലിക്കും സമ്മേളനത്തിനുമായി നമുക്ക് ഒത്തുചേരാം. ഉത്തമ വിശ്വാസികളും ഉത്തമ പൗരരുമായി, തല മുറകളെ പ്രചോദിപ്പിക്കാനുതകുന്ന ജീവിത മാതൃകകളായി നമുക്ക് പ്രവർത്തിക്കാം. വിശ്വാസത്തിൽ നമ്മുടെ പിതാവായ വി. തോമാശ്ലീഹയുടെ മാതൃകയിൽ കുരിശിന്റെ വഴിയിലൂടെ രക്ഷാകരമായി നമുക്കും സഞ്ചരിക്കാം. അസംഘടിതരും ഭയചകിതരുമായി രുന്ന ആദിമക്രൈസ്തവസമൂഹത്തെ പരിശുദ്ധാത്മാവ് ശക്തിപ്പെടുത്തിയതു പോലെ, ഈ കാലഘട്ടത്തിൽ ആത്മാവിന്റെ നവമായ അഭിഷേകം നമ്മെ ശക്തിപ്പെടുത്തട്ടെ. പരിശുദ്ധ അമ്മയുടെ പ്രാർത്ഥന, കൂട്ടായ്മയിൽ നമ്മെ നിലനിർത്തുകയും പ്രതിസന്ധികളിൽ ശക്തിപ്പെടുത്തുക യും ചെയ്യട്ടെ. കത്തോലിക്ക കോൺഗ്രസിന്റെ പ്രവർത്തനങ്ങളിലും പ്രത്യേകിച്ച് ശതാ ബ്ദിയാഘോഷങ്ങളിലും വലിയ സഹകരണ മനോഭാവത്തോടെ പങ്കു ചേരുവാനും എല്ലാവരോടും സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു. ദൈവമഹത്വത്തിനും സഭയ്ക്കും രാഷ്ട്രത്തിനും സമുദായത്തിനുമായി സംഘടിക്കാം, പ്രബുദ്ധരാകാം, പോരാടാം.

സ്നേഹപൂർവ്വം,

**മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ**
ബിഷപ്പ്ലഗേറ്റ്, കത്തോലിക്ക കോൺഗ്രസ്സ്
താമരശ്ശേരി രൂപതയുടെ മെത്രാൻ

## രൂപതക്കച്ചേരി

*C. 36/2018* **കൃതജ്ഞത**

നാമഹേതുക തിരുന്നാളിനോടനുബന്ധിച്ച് തിരുന്നാൾ ആശം സകൾ നേരുകയും പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവർക്കും ഹൃദയ പൂർവം നന്ദി പറയുന്നു.

*Bishop*

*C. 37/2018* **മാതൃദിനം**

മെയ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് മാതൃദിനം. മാതൃ ത്വത്തിന്റെ മഹത്വത്തെപ്പറ്റി മാതാക്കളെ ബോധവതികളാക്കുന്നതിനും മക്കൾക്ക് അമ്മമാരോടുള്ള സ്നേഹബഹുമാനങ്ങൾ പ്രകടമാക്കുന്ന തിനും യോജിച്ച വിധത്തിൽ പരിപാടികൾ ഇടവകയിൽ ആസൂത്രണം ചെയ്യുമല്ലോ.

*Bishop*





*C. 38/2018* **വൈദികരുടെ സ്ഥലംമാറ്റം**

നമ്മുടെ രൂപതയിലെ വൈദികരുടെ സ്ഥലംമാറ്റത്തിന്റെ ലിസ്റ്റ് 2018 മെയ് 4-ാം തീയതി വെള്ളിയാഴ്ച രൂപതാ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. വികാരിയച്ചന്മാരും സ്ഥാപനങ്ങളിലുള്ള വരും മെയ് 19-ാം തീയതിയും കൊച്ചച്ചന്മാർ മെയ് 26-ാം തീയതിയും ചാർജ് എടുക്കേണ്ടതാണ്.

*Bishop*

*C.39/ 2018* **Notification**

This is to notify that Fr. Augustine Kizhakkedam OCD, a Solemnly professed Religious and priest of OCD Malabar Province, originally hailing from the Parish of Ayavana in the Eparchy of Kothamangalam, ordained on 19.12.1984 was dismissed by the Congregation for Institutes of Consecrated Life and Societies of Apostolic Life in accordance with canons 696-700 with immediate effect. Hence he is forbidden to exercise priestly ministry in the Eparchy of Kothamangalam.

*Bishop*

*C.40/2018* **മ്ശംമ്ശാന – ഹെവ്പ്പദ്യാക്ക്ന – കാറോയ– വൈദിക വസ്ത്ര സ്വീകരണം**

2018 മെയ് 8-ാം തീയതി രാവിലെ 10.00-ന് കോതമംഗലം കത്തീ ഡ്രലിൽ വച്ച് തറപ്പിൽ മാത്യു- ഊന്നുകൽ മ്ശംമ്ശാന പട്ടവും ഇട ത്തല ജോർജ്- കത്തീഡ്രൽ, കൊച്ചുപുത്തൻപുരയിൽ ജോസഫ് - കാളിയാർ, കുന്നത്ത് സ്കറിയ - മുതലക്കോടം, മഠത്തിൽ ജോസഫ് - വടാട്ടുപാറ, നെടുംപുറത്ത് സെബാസ്റ്റ്യൻ - അരിക്കുഴ, നെടുങ്ങാട്ട് ജോർജ്-വാഴക്കുളം, പാറേമ്മാൻ പീറ്റർ - നെടുങ്ങപ്ര, വടക്കേടത്ത് ജോസഫ് - കാവക്കാട്, വള്ളോംകുന്നേൽ ജോസഫ് - കാവക്കാട്, വെള്ളാംകുന്നേൽ എമ്മാനുവേൽ - പൈങ്ങോട്ടൂർ എന്നിവർ ഹെവ്പ്പ ദ്യാക്ക്ന പട്ടവും മഠത്തിൽ ജോസഫ് - വാഴക്കുളം, മാറാട്ടിൽ പോൾ - വാഴക്കാല, പ്ലാത്തോട്ടത്തിൽ മാത്യു - ഏഴല്ലൂർ, പൊട്ടയ്ക്കൽ സെബാ സ്റ്റ്യൻ - അംബികാപുരം, വാമറ്റത്തിൽ ജോൺ - ബെസ്ലേഹം എന്നി വർ കാറോയ പട്ടവും ചേറ്റൂർ കുര്യൻ - കോട്ടപ്പടി, കല്ലറയ്ക്കൽ

ജെയിംസ് - തെന്നത്തൂർ, കണയാങ്കൽ ജോൺ - പന്നിമറ്റം, കുന്നുംപുറത്ത് ജോസ് - കുട്ടമ്പുഴ, കുരീക്കാട്ടിൽ കുര്യൻ - പള്ളിയ്ക്കാമുറി, മഞ്ഞക്കടമ്പിൽ കുര്യാക്കോസ് - ഉടുമ്പന്നൂർ, മെതിപ്പാറ സ്കറിയ - ബെസ്ലേഹം, രാമനാട്ട് മാത്യു - കരിമണ്ണൂർ, വെട്ടിക്കുഴിച്ചാലിൽ ജോസഫ് - തൊടുപുഴ എന്നിവർ വൈദികവസ്ത്രവും സ്വീകരിക്കുന്നു. ഇവരെ നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം.

*Syncellus*

*C.41 /2018* **Monthly Recollection for Priests**

***Topic for discussion in June***

Read in common Nos. 651-660 of the Catechism of the Catholic Church.

*Syncellus*

*PWA. 3 /2018* **Priests' Welfare Association (PWA)**

PWA Fund ലേക്കായി സ്ഥാപനവിഹിതം ₹ 7200 ഉം അംഗങ്ങളുടെ വിഹിതം ₹ 7300 ഉം ആണ് തൻവർഷം ഹാജരാക്കേണ്ടത്. ടിതുകകൾ പണമായിട്ടാണ് നൽകേണ്ടത്.

PWA ജനറൽ ബോഡി മീറ്റിംഗ് 2018 മെയ് 15-ാം തീയതി 3 pm -ന് നെസ്റ്റിൽ വച്ച് കൂടുന്നതാണ്.

*Secretary*

*JS.5 /2018* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പ് പരീക്ഷ മെയ് 12-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ കോതമംഗലം ബിഷപ്പ്സ് ഹൗസിൽ വച്ച് നടത്തുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് ഇതിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്. താഴെ പേരുപറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2017-2018 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്നവരുമാണ് സ്കോളർഷിപ്പ് പരീക്ഷ എഴുതേണ്ടത്.

Technical and Professional Studies at Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business / Banking Administration (Master's Degree only).





**ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവർക്കും ഡിസംബർ മാസത്തിനുമുമ്പ് കോഴ്സ് അവസാനിക്കുന്നവർക്കും സ്കോളർഷിപ്പ് ലഭിക്കുന്നതല്ല.**

സൺഡേസ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശനപരീക്ഷയിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശന പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII, പൊതുവിജ്ഞാനം.

*Secretary*

*Pr. C 4 /2018* **Report of the Presbyteral Council held on Tuesday, April 17, 2018**

An ordinary meeting of the Presbyteral Council was held on Tuesday 17th April 2018 at the Bishop's House. H.E. Bishop Mar George Madathikandathil presided over the meeting. Twenty five members participated. The meeting started with a prayer at 10. 00 a.m. V. Rev. Mgr. George Oliapuram welcomed the participants. The report of the previous meeting was read out and it was passed. The decision taken in the previous meeting to return the land belong to the Emmanuel retreat centre to the donor requires the response of the donor. Though the initial response was not very positive the meeting suggested to wait for some more time. Regarding Little Theresa's School, Vazhakulam, CMC provincial authorities made a request to take over the management of UP and HS sections along with the LP section.

After a brief introduction the president presented the topics for discussion. The first topic was parish boundaries. The members agreed to keep strictly the existing boundaries. Where there is lack of clarity it should be resolved through a decision of the Curia in consultation with parishes concerned. All new members must follow parish boundaries. Sunday observance in religious houses must be discouraged since many faithful are regularly kept away from the parish church attending Mass at religious houses. A meeting of all the Superiors of religious houses and parish priests may be convened in this regard.

Next topic was Christian burial to be given to public sinners and apostates. The president reminded the members that only through a formal procedure can a person be excluded from Catholic Communion and consequently denied Christian burial. Regarding role of parish priests in Vincent De Paul Society, the priest is only a spiritual adviser. In almost all the parishes the Society is in good terms with the vicar and co-operates in works of charity.

The next topic for discussion was the present situation of Priest Welfare Association which was registered as a Society. Accounts of those who have joined earlier are kept as joint account. But new members are added with personal account. Some members opined that the society must be renewed and kept up to date. Others opted for the dispersal of the PWA due to practical difficulties in maintaining accounts in the Bank. The decision may be taken in the general body meeting of PWA. Then as per suggestion of Presbyterium a committee for formulating norms for parish hall construction funding was elected. The elected members are Rev.Fr.Jose Kuzhikanniyil and Rev.Fr.Mathew Konickal headed by Rev.Fr.George Vallomkunnel.

Very Rev. Fr. Mathew Konickal felicitated His Excellency the festal greetings on behalf of the presbyteral council. Msgr. Cherian Kanjirakompil thanked all the members for their presence and active participation. With the concluding message and prayer, the meeting came to an end by 1.20 pm.

Secretary

## *PC 4 /2018* പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് 2018 ഏപ്രിൽ 20

രൂപത അജപാലന സമിതിയുടെ സമ്മേളനം 2018 ഏപ്രിൽ 20-ാം തീയതി വെള്ളിയാഴ്ച അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ കോതമംഗലം ബിഷപ്സ് ഹൗസിൽ നടന്നു. യോഗത്തിൽ 87 പേർ പങ്കെടുത്തു. രാവിലെ 10 മണിക്ക് SH പ്രൊവിൻഷ്യൽ റവ. സി. ത്രേസ്യാമ്മ പള്ളിക്കുന്നേൽ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് മോൺ. ജോർജ് ഓലിയപ്പുറം സ്വാഗതം ആശംസിച്ചു. തുടർന്ന് സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നാഗ്പൂർ അതി





രൂപതാദ്ധ്യക്ഷൻ ബിഷപ്പ് മാർ എബ്രാഹം വിരുതികുളങ്ങര പിതാവിന്റെ അകാലനിര്യാണത്തിൽ അനുശോചനം അറിയിക്കുകയും എല്ലാവരുമൊരുമിച്ച് അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്നു നടത്തിയ പ്രസംഗത്തിൽ ഇന്ന് വിശ്വാസം കുറഞ്ഞുവരുന്നതായും പ്രകടനപരത കൂടി വരുന്നതായും പിതാവ് അഭിപ്രായപ്പെട്ടു. കുട്ടികളും യുവജനങ്ങളും വഴിതെറ്റിപ്പോകുന്നു. മാതാപിതാക്കൾക്ക് അവരെ സ്വാധീനിക്കുവാൻ കഴിയുന്നില്ല. കൂട്ടുകാരാണ് അവരെ സ്വാധീനിക്കുന്നത്. അതോടൊപ്പം ആധുനികമാധ്യമങ്ങളും. കുടുംബങ്ങളിൽ പ്രാർത്ഥനാന്തരീക്ഷം കുറയുന്നു. സഭയേയും സഭാസംവിധാനങ്ങളെയും കണ്ണടച്ച് വിമർശിക്കുന്നു. നന്മകളും നേട്ടങ്ങളും തമസ്കരിക്കപ്പെടുന്നു. ഇടവകകളിൽ സമ്പത്ത് കൂടുമ്പോൾ പ്രശ്നങ്ങൾ വർദ്ധിക്കുന്നു. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് വേണം അജപാലന സമിതി നയരൂപീകരണം നടത്തുവാൻ.

പൊതുചർച്ചയിൽ ആദ്യത്തെ വിഷയം ഇടവക അതിർത്തികൾ കർശനമായി പാലിക്കുവാൻ സാധിക്കുമോ എന്നതായിരുന്നു. ഇടവക അതിർത്തികൾ കൃത്യമായി പാലിക്കപ്പെടണം. അനാവശ്യപരിഗണനകൾ കൊടുത്ത് അതിർത്തികൾ മാറ്റി നിശ്ചയിക്കരുത് എന്നതാണ് പൊതുവെയുള്ള അഭിപ്രായം. രണ്ടാമതായി ചർച്ചചെയ്യപ്പെട്ടത് കുട്ടികളുടെ ആധുനിക മാധ്യമങ്ങളോടുള്ള അമിതബന്ധമാണ്. മൊബൈൽ ഫോൺ ഇന്ന് കുട്ടികളെ മാനസികമായും ശാരീരികമായും തളർത്തുന്നുണ്ട്. അരാജകത്വത്തിലേക്കും കുറ്റകൃത്യങ്ങളിലേക്കും അവരെ കൊണ്ടുചെന്നെത്തിക്കുന്നു. നിർബന്ധിച്ച് അവരെ അതിൽ നിന്നൊഴിവാക്കുക എളുപ്പമല്ല. മൊബൈൽ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള അറിവ് കൊടുക്കുകയാണ് ഉത്തമം. മുതിർന്നവരും മാതാപിതാക്കളും ഫോൺ ദുരുപയോഗങ്ങൾ ഒഴിവാക്കുക, കുഞ്ഞുങ്ങളെ സമർപ്പിച്ച് പ്രാർത്ഥിക്കുക, നല്ല മാതൃകകൾ കൊടുക്കുക എന്നിവയാണ് പരിഹാരമാർഗ്ഗങ്ങൾ. മൂല്യമുള്ള നല്ല പ്രോഗ്രാമുകൾ ടിവിയിലും വാട്സ് ആപ്പിലും ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും ഊന്നിപ്പറഞ്ഞു.

2018 മെയ് 13-ന് AKCC ശതാബ്ദി ആഘോഷങ്ങൾ തൃശൂരിൽ നടക്കുന്നതിലും ദീപിക കർഷകറാലി മെയ് 26-ാം തീയതി പാലായിൽ നടക്കുന്നതിലും പരമാവധി ആളുകൾ സംബന്ധിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ദീപികയിൽ മതപരമല്ലാത്ത വാർത്തകൾ കൂടുതൽ കൊടുക്കുകയും ക്രിസ്തീയവാർത്തകൾ ഞായറാഴ്ച പ്രത്യേക സപ്ലിമെന്റ് വഴി കൊടുക്കുകയും ചെയ്യണമെന്ന നിർദ്ദേശവുമുണ്ടായി.

തുടർന്ന് ഫെബ്രുവരിയിൽ നടന്ന CBCI മീറ്റിംഗിന്റെ final statement നോട് അനുബന്ധിച്ചുള്ള ചർച്ചകൾ നടന്നു. വൈദികരും സന്യസ്തരും അല്മായരും യോജിച്ച് പ്രവർത്തിക്കേണ്ടതാണ്. ഇടവകകളിൽ ചെറിയ ഗ്രൂപ്പുകൾ ഉണ്ടാക്കി പ്രവർത്തിക്കുമ്പോൾ കൂടുതൽ കാര്യക്ഷമത ഉണ്ടാകും.

നമ്മുടെ യുവജനങ്ങൾ രാജ്യത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കണം. രാഷ്ട്രീയം, നിയമനിർവഹണം, ഗവൺമെന്റ് ഓഫീസുകൾ തുടങ്ങി എല്ലാ മേഖലകളിലും ഉള്ള ജോലിസാധ്യതകൾ നാം ഉപയോഗിക്കണം. മത്സരപരീക്ഷകൾക്ക് കുട്ടികളെ ഒരുക്കുകയും വേണം.

പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് തങ്ങൾ പ്രതിനിധാനം ചെയ്യുന്ന ഫൊറോനയിലെ അഭിപ്രായങ്ങൾ ശേഖരിക്കുവാനും കൗൺസിൽ നിർദ്ദേശങ്ങൾ അവരെ അറിയിക്കുവാനും അവസരമുണ്ടാക്കണമെന്ന നിർദ്ദേശമുണ്ടായി. പള്ളിയിൽ വരുമ്പോൾ മാന്യമായ വസ്ത്രം ധരിക്കുന്നതിനെക്കുറിച്ച് നിർദ്ദേശങ്ങൾ കൊടുക്കുവാൻ വികാരി അച്ചന്മാർ തയ്യാറാകണം. വിവാഹ അവസരങ്ങളിലും മാന്യവേഷമായിരിക്കണം.

തുടർന്ന് അഭിവന്ദ്യപിതാവിനും ജനറാളച്ചനും എല്ലാ ജോർജ് നാമധാരികൾക്കും തിരുനാൾ മംഗളങ്ങൾ ആശംസിച്ചുകൊണ്ട് Sr. Philomy MSJ സംസാരിച്ചു. മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ എല്ലാവർക്കും നന്ദി പറഞ്ഞു. യോഗം 1.20-ന് അവസാനിച്ചു.

Secretary

## മൈനർ സെമിനാരി

*MS 14 /2018* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Aelikutty George Oliapuram, Mathirappilly | ₹ | 17,000 |
| 2 | Santy Joseph Pothanikatt, Cathedral | ₹ | 25,000 |
| 3 | MSJ Provincial House, Kothamangalam | ₹ | 50,000 |
| 4 | Rev. Fr. John Kallarackal | ₹ | 25,000 |
| 5 | George Peter Parankimyalil, Nellimattom | ₹ | 5000 |
| 6 | Shiny Avirapatt, Anicadu | ₹ | 25,000 |
| 7 | Thomas Kunnel, Muthalakodam | ₹ | 7300 |

*Rector*





## വിജ്ഞാനഭവൻ

*V. 44/2018* **സൺഡേ സ്കൂൾ HM, അദ്ധ്യാപകരുടെ എണ്ണം**

കഴിഞ്ഞ വർഷത്തെ സൺഡേ സ്കൂൾ HM മാറുന്നുണ്ടെങ്കിൽ പുതിയ HM-ന്റെ പേരും ഫോൺനമ്പറും അദ്ധ്യാപകരുടെ എണ്ണവും വിജ്ഞാനഭവൻ ഓഫീസിൽ മെയ് 5 ന് മുമ്പ് അറിയിക്കേണ്ടതാണ്.

*V. 45/2018* **ക്യാറ്റകെറ്റിക്കൽ കമ്മിറ്റി തീരുമാനങ്ങൾ**

2018 ഏപ്രിൽ 25 ബുധനാഴ്ച കോതമംഗലം ബിഷപ്പ്സ് ഹൗസിൽ വച്ച് അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ഈ വർഷത്തെ ക്യാറ്റക്കെറ്റിക്കൽ കമ്മിറ്റി യോഗം ചേർന്നു. പെരിയ ബഹുമാനപ്പെട്ട മോൺ ജോർജ് ഓലിയപ്പുറം അച്ചൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ആധുനികകാലഘട്ടത്തിന് അനുസൃതമായ വിധത്തിൽ വിശ്വാസപരിശീലനത്തിന്റെ രീതികൾ മാറേണ്ടതിനെക്കുറിച്ച് ഉദ്ഘാടനസന്ദേശത്തിൽ അച്ചൻ സൂചിപ്പിച്ചു. സഭയുടെ ഏറ്റവും പ്രഥമവും പ്രധാനവുമായ ദൗത്യമാണ് വിശ്വാസപരിശീലനമെന്ന് അഭിവന്ദ്യ പിതാവ് അധ്യക്ഷപ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. 31 പേർ യോഗത്തിൽ സംബന്ധിച്ചു. കമ്മിറ്റി തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1) 10, 11, 12 ക്ലാസ്സുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷയെ സംബന്ധിച്ച് എല്ലാ ഇടവകകളിലും നിന്ന് അഭിപ്രായം ആരാഞ്ഞശേഷം തീരുമാനം എടുക്കാം എന്നു നിർദ്ദേശിച്ചു.

2) ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ച് ഓരോ ഫൊറോനയിലെയും ബഹു. അച്ചന്മാർ, HM, Staff Secretary, PTA പ്രസിഡന്റ് എന്നിവരുടെയും യോഗം വിളിച്ചുചേർത്ത് വിശ്വാസപരിശീലനം സംബന്ധിച്ച വിവരങ്ങളും നിർദ്ദേശങ്ങളും രൂപീകരിക്കാൻ തീരുമാനിച്ചു.

3) രൂപതാതലത്തിൽ സൺഡേ സ്കൂളുകൾക്ക് ഗ്രേഡിംഗ് സിസ്റ്റം ഏർപ്പെടുത്താൻ തീരുമാനിച്ചു.

4) വിശ്വാസോത്സവം 6 മണിക്കൂർ തന്നെ നടത്തണം. ഇടവകയുടെ സാഹചര്യം അനുസരിച്ച് സമയക്രമീകരണം നടത്താവുന്നതാണ്. നടത്തുന്ന സമയം മുൻകൂട്ടി വിജ്ഞാനഭവനിൽ അറിയിക്കണം.

5) ഓരോ സെമസ്റ്റർ പരീക്ഷയും കഴിഞ്ഞ് ക്ലാസ്സിലെ കുട്ടികളുടെ PTA വിളിച്ചുചേർത്ത് പ്രോഗ്രസ്സ് റിപ്പോർട്ട് ഒപ്പിട്ടുവാങ്ങണം.

6) സ്വന്തം ഇടവകയിലെ വികാരിയച്ചന്റെ അനുവാദത്തോടുകൂടി മാത്രമേ കുട്ടികൾ മറ്റ് ഇടവകകളിൽ വിശ്വാസപരിശീലനത്തിന് പോകാവൂ.

7) രൂപതാദിനാഘോഷത്തോടനുബന്ധിച്ച് രൂപതാതലത്തിൽ ഏറ്റവും നല്ല വിശ്വാസപരിശീലകരെ ആദരിക്കാൻ തീരുമാനിച്ചു.

*V. 46/2018* **SAY EXAM - 10, 12**

**രജിസ്ട്രേഷൻ : 2018 മെയ് 2 മുതൽ 7 വരെ.**

**ഫീസ് ₹ 20**

**പരീക്ഷ : മെയ് 13 ഞായർ**
സമയം : 11.00 am - 1.00 pm
**റിസൽട്ട് : മെയ് 21 തിങ്കൾ**

- രണ്ടു സെമസ്റ്ററുകളിലും പരാജയപ്പെട്ടവർക്കും, ഫസ്റ്റ് സെമസ്റ്റർ/സെക്കന്റ് സെമസ്റ്റർ ഏതെങ്കിലും ഒരെണ്ണത്തിൽ പരാജയപ്പെട്ടവർക്കും SAY Exam എഴുതാവുന്നതാണ്.
- അതാത് ഇടവകകളിൽ തന്നെയാണ് SAY Exam നടത്തേണ്ടത്.
- ചോദ്യപേപ്പറുകൾ മെയ് 12 ശനിയാഴ്ച മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
- മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറുകൾ മെയ് 20-ന് മുമ്പ് **രൂപതാകേന്ദ്രത്തിൽ** എത്തിക്കണം.
- രണ്ടു സെമസ്റ്ററിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.
- HM, സ്റ്റാഫ് സെക്രട്ടറി മീറ്റിംഗിനു വരുമ്പോൾ ഉത്തരക്കടലാസ് കൊണ്ടുവരാവുന്നതാണ്.

*V. 47/2018* **വിശുദ്ധരുടെ പുസ്തകം**

I മുതൽ XII വരെ ക്ലാസ്സുകളിലേക്കുള്ള ഉപപാഠപുസ്തകമായി വിശുദ്ധരുടെ ജീവചരിത്രം 2018-2019 അദ്ധ്യയനവർഷത്തിൽ ഉണ്ടായിരിക്കുന്നതാണ്. എല്ലാ കുട്ടികൾക്കും ഉപപാഠപുസ്തകം ഉണ്ടെന്ന് അദ്ധ്യാപകർ ഉറപ്പു വരുത്തേണ്ടതാണ്.

*V. 48/2018* **SCC, HCC Result**

മെയ് 2-ാം തീയതി റിസൽട്ട് പ്രഖ്യാപിക്കുന്നതാണ്. സർട്ടിഫിക്കറ്റ് ബുക്ക് വിതരണം മെയ് 2 മുതൽ മെയ് 14 വരെ. ഇന്റേണൽ മാർക്ക് പ്രത്യേകം എഴുതാത്തവർ എഴുതി കൊണ്ടുവരേണ്ടതാണ്. **പുസ്തകം വാങ്ങാൻ വരുമ്പോൾ ബുക്ക് സീൽ ചെയ്യുവാനായിട്ട് കൊണ്ടുവരരുത്.**





*V. 49/2018* **വിശ്വാസപരിശീലകരുടെ വാർഷിക കൺവെൻഷൻ**

ഈ വർഷത്തെ വിശ്വാസപരിശീലകരുടെ വാർഷിക കൺവെൻഷൻ ജൂലൈ മാസത്തിൽ നടക്കുന്നതാണ്. തീയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്.

*V. 50/2018* **HM & സ്റ്റാഫ് സെക്രട്ടറി മീറ്റിംഗ്**

2018 മെയ് മാസം 20-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ മൂവാറ്റുപുഴ NESTT-ൽ വച്ച് നമ്മുടെ രൂപതയിലുള്ള എല്ലാ സൺഡേസ്കൂളുകളിലെയും HM & Staff Secretary മാരുടെ മീറ്റിംഗ് ഒരുക്കിയിരിക്കുന്നു. കൃത്യസമയത്തുതന്നെ എല്ലാവരും എത്തിച്ചേരേണ്ടതാണ്. **അന്നേദിവസം വി. കുർബാനയോടു കൂടിയായിരിക്കും മീറ്റിംഗ് ആരംഭിക്കുക.**

*V. 51/2018* **പ്രവേശനോത്സവം**

2018 മെയ് 27 ഞായറാഴ്ച പുതിയ അദ്ധ്യയനവർഷം തുടങ്ങുകയാണല്ലോ. അന്നേദിവസം ഇടവകകളിൽ പ്രവേശനോത്സവമായി ആചരിക്കുന്നത് ഉചിതമായിരിക്കും. ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളെ ആഘോഷപൂർവ്വം സ്വീകരിക്കുന്നതും അവർക്ക് ചെറിയ സമ്മാനങ്ങൾ നല്കുന്നതും അവരിൽ കൂടുതൽ താല്പര്യം ഉണർത്തുന്നതിന് സഹായിക്കും. അവരുടെ മാതാപിതാക്കന്മാരെ കുട്ടികളുടെ കുർബാനയ്ക്ക് വരുവാൻ പ്രേരിപ്പിക്കുകയും പ്രവേശനോത്സവത്തിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നത് നന്നായിരിക്കും.

ഇടവകയിലെ വിശ്വാസപരിശീലന പരിപാടികൾക്ക് ഭാവുകങ്ങൾ നേരുന്നു. ഇതിനായി സമർപ്പണബോധത്തോടുകൂടെ മുന്നോട്ടുവന്നിട്ടുള്ള എല്ലാ അദ്ധ്യാപകർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

*V. 52/2018* **ബൈബിൾ നഴ്സറി**

ബൈബിൾ നഴ്സറി എല്ലാ ഇടവകകളിലും മെയ് 27-ാം തീയതി ആരംഭിക്കേണ്ടതാണ്. കുട്ടികൾക്ക് പുസ്തകങ്ങൾ നേരത്തേ വാങ്ങി നൽകുവാൻ ശ്രദ്ധിക്കണം.

*V. 53/2018* **സൺഡേസ്കൂൾ പുസ്തകങ്ങൾ**

സൺഡേസ്കൂൾ പുസ്തകങ്ങളുടെ വിതരണം മെയ് 20-ാം തീയതി തുടങ്ങുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പുസ്തകം എത്തി എന്ന് ഉറപ്പുവരുത്തിയതിനുശേഷം വരുക.

*V. 54/2018* **കൃതജ്ഞത**

കഴിഞ്ഞ ആറ് മാസം വിജ്ഞാനഭവൻ ഓഫീസിൽ റീജൻസി ചെയ്തിരുന്ന ബ്രദർ കുര്യാക്കോസ് മഞ്ഞക്കടമ്പലിന് വിശ്വാസ പരിശീലന രംഗത്ത് ചെയ്ത സേവനങ്ങൾക്ക് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

*V. 55/2018* **വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ**

കുർബാനപ്പുസ്തകം, പോക്കറ്റ് ബൈബിൾ, സൺഡേസ്കൂൾ ബാഗ്, കൊന്ത, വെന്തിങ്ങ, സി.ഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn.15/2018* **The Managers / HMs of all schools**

2018 -19 അദ്ധ്യയന വർഷത്തേയ്ക്കു കടക്കുമ്പോൾ പ്രധാനപ്പെട്ട ചില കാര്യങ്ങൾ അദ്ധ്യാപകരുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. 2017-18 അദ്ധ്യായനവർഷത്തിൽ ഉണ്ടായിരുന്ന ഡിവിഷനുകൾ നഷ്ടപ്പെടാതിരിക്കാൻ എല്ലാ അദ്ധ്യാപകരും അനദ്ധ്യാപകരും പരിശ്രമിക്കണം. 2018-19 സ്കൂൾ വർഷത്തിലെ ഡിവിഷനുകൾ സംബന്ധിച്ചുള്ള റിപ്പോർട്ട് 2018 മെയ് 25-നകം രേഖാമൂലം ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്.

Long leave എടുക്കാൻ ഉദ്ദേശിക്കുന്നവർ മൂന്നുമാസം മുമ്പ് യഥാവിധി പൂരിപ്പിച്ച ലീവ് ആപ്ലിക്കേഷൻസ് ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. അപേക്ഷകൾ ഈ ഓഫീസിൽ നിന്നാണ് ഗവൺമെന്റിലേക്ക് അയക്കേണ്ടത്. ലീവിന് അപേക്ഷിക്കുന്നവർ സ്വന്തം ഉത്തരവാദിത്വത്തിൽ ലീവ് പാസ്സാക്കിയെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ലീവ് പാസ്സാക്കാതെ സ്വദേശം വിടാൻ പാടില്ലെന്ന് ഗവൺമെന്റ് നിയമം അനുശാസിക്കുന്നുണ്ട്. ഈ നിയമം ലംഘിക്കുന്നവരുടെ പേരിൽ ശിക്ഷണ നടപടിക്ക് ഗവൺമെന്റ് ഉത്തരവുണ്ട്. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം സ്റ്റാഫിന്റെ ശ്രദ്ധയിൽപ്പെടുത്തണം.

*Edn.16/2018* **Staff Statement as on 1-06-2018**

സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പൂരിപ്പിക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.





എല്ലാ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും പേര്, അഡ്രസ്, ജനനത്തീയതി, റിട്ടയർമെന്റ് തീയതി, Continuous Service തീയതി, മൊബൈൽ ഫോൺ നമ്പർ, Qualification with subject എന്നീ കാര്യങ്ങൾ തെറ്റുകൂടാതെ അതാതു കോളത്തിൽ എഴുതണം. 2 കോപ്പി വേണം. കൂടാതെ ഒരു കോപ്പി ഓൺലൈൻ ആയി Excel-ൽ തരണം. 1-6-2018 വച്ച് തന്നെ.

*Edn.17/2018* **വാഴക്കുളം സെന്റ് ജോർജ് ടി.ടി.ഐ.യിൽ 2018-19 വർഷത്തേയ്ക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.**

വാഴക്കുളം സെന്റ് ജോർജ്ജ് ടി.ടി.ഐ. യിൽ ഡിപ്ലോമ ഇൻ എഡ്യുക്കേഷനിലേയ്ക്ക് (D.Ed) അപേക്ഷകൾ ക്ഷണിക്കുന്നു. പ്ലസ് ടു വിഷയങ്ങൾക്ക് 50% മാർക്കു ലഭിക്കുന്നവർക്ക് അപേക്ഷിക്കാവുന്നതാണ്. (Aggregate 50%). താല്പര്യമുള്ളവർ വാഴക്കുളത്തുള്ള ടി.ടി.ഐ ഓഫീസിൽ നിന്നും അപേക്ഷാഫോറം വാങ്ങി പൂരിപ്പിച്ചു നൽകേണ്ടതാണ്. ബന്ധപ്പെടേണ്ട വിലാസം - പ്രിൻസിപ്പൽ, സെന്റ് ജോർജ് ടി.ടി.ഐ. വാഴക്കുളം. ഫോൺ: 0485 2260524

NB: ബഹു. വികാരിയച്ചന്മാർ ഈ വിവരം പള്ളിയിൽ അറിയിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

*Secretary*

## സോഷ്യൽ സർവീസ്

*SS. 15 /2018* **ജീവ മെഡിക്കൽസ്**

ജീവ മെഡിക്കൽസിന്റെ നാലു ഷോപ്പുകളിലായി കഴിഞ്ഞ സാമ്പത്തിക വർഷം 5 കോടിയിൽപ്പരം രൂപയുടെ മരുന്ന് വിൽപ്പന നടത്തുകയും രോഗികൾക്കായി 80 ലക്ഷത്തിൽപ്പരം രൂപ ഡിസ്കൗണ്ട് നൽകുകയും ചെയ്തു. നാലു മെഡിക്കൽ ഷോപ്പുകളിലെയും പുതിയ ഫോൺ നമ്പറുകൾ താഴെ പറയുന്നു. കോതമംഗലം 7510965884, മൂവാറ്റുപുഴ 7510965875, വാഴക്കുളം 7510965880, തൊടുപുഴ 7510965885.

*SS. 15 /2018* **വായ്പ നൽകി**

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്വയം സഹായസംഘങ്ങൾക്ക് കേരളസംസ്ഥാന പിന്നോക്ക വികസന വിഭാഗ കോർപ്പറേഷന്റെ സ്വയം തൊഴിൽ വായ്പ 44,85000/- രൂപ നൽകുകയുണ്ടായി. 20 സംഘങ്ങളിലായി 167 പേർ വായ്പ്പയെടുത്തു.

*SS. 15 /2018* **ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ്**

ക്രെഡിറ്റ് യൂണിയന്റെ ഓഡിറ്റിംഗ് 2018 മെയ് മാസം പൂർത്തീകരിക്കേണ്ടതാണ്. ഓഡിറ്റിംഗ് നടത്താത്ത സംഘങ്ങൾ KSSS ഓഫീസുമായി ബന്ധപ്പെട്ട് ഓഡിറ്റിംഗ് നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

*SS. 16 /2018* **ആശാകിരണം കാൻസർ സുരക്ഷ പദ്ധതി**

കെ.എസ്.എസ്.എസ്. ന്റെ നേതൃത്വത്തിൽ നടത്തുന്ന ആശാകിരണം കാൻസർ സുരക്ഷാ പദ്ധതി വഴി 2018 മാർച്ച് മാസം 61 രോഗികൾക്കായി 2,80,000 രൂപ ചികിത്സാ സഹായം നല്കി.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML18 /2018* **ശാഖാ മേഖല റിപ്പോർട്ടുകൾ**

മേഖലയിലെത്തിയ ശാഖാ റിപ്പോർട്ടുകൾ മെയ് 15-നും മേഖലാ റിപ്പോർട്ടുകൾ മെയ് 30-നും രൂപതാകേന്ദ്രത്തിലെത്തിക്കണം.

*CML19 /2018* **രൂപതാ മാനേജിംഗ് കമ്മിറ്റിയും, R . P Team മീറ്റിംഗും**

മെയ് 12 ശനിയാഴ്ച വൈകുന്നേരം 6.30 -ന് മൂവാറ്റുപുഴ NESTT -ൽ വച്ച് രൂപതാ മാനേജിംഗ് കമ്മിറ്റിയും, R.P Team മീറ്റിംഗും നടത്തപ്പെടുന്നു.

*CML 20 /2018* **R. P Training Programme**

ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ റിസോഴ്സ് ടീമിലേക്ക് പുതിയതായി ചേരുവാൻ താല്പര്യമുള്ളവർക്കായി മെയ് 12-ാം തീയതി രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ ട്രെയിനിംഗ് പ്രോഗ്രാം നടത്തപ്പെടുന്നു.

*CML21 /2018* **ചെറുസൂനം ക്വിസ് രൂപതാതല വിജയികൾ**

**UP വിഭാഗം**

I ആഷിത ബെന്നി, കൊളവേലിൽ, നാകപ്പുഴ
II ക്രിസ്ബിൻ സിബി, തെക്കുംച്ചേരിൽ, പൈങ്ങോട്ടൂർ
III ഓൾഗ ജോസഫ് ജോൺ, ആശാരിക്കുടിയിൽ, അരിക്കുഴ
III ഡെല്ല മരിയ ജോർജ് ഇടത്തല, കുളപ്പുറം
III അലൻ ഫ്രാൻസിസ് പടിഞ്ഞാറയിൽ, പെരുമ്പിള്ളിച്ചിറ





**HS വിഭാഗം**

I റാണി മരിയ ജോസ്, വെട്ടുകല്ലുംപുറത്ത്, ആരക്കുഴ
I റീനാമോൾ ജീസ്, ചേമ്പ്ളായിൽ, പെരുമ്പല്ലൂർ
II റോസ് മരിയ ജോസ്, വെട്ടുകല്ലുംപുറത്ത്, ആരക്കുഴ
II സ്നേഹ ഫ്രാൻസി, തയ്യിൽ, നെടിയശാല
II അലീന ജോബി ഒറ്റപുന്നയ്ക്കൽ, മാലിപ്പാറ
III നെവീൻ ജീസൺ ചക്കാലയിൽ, തൊടുപുഴ

*Director*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 26 /2018* **ബേസിക് കൗൺസലിംഗ് കോഴ്സ്**

ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ കദളിക്കാട്, തെക്കുംമല കൃപാനിലയത്തിൽ വച്ച് ബേസിക് കൗൺസിലിംഗ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ 9-ാം ബാച്ച് 2018 ജൂൺ 9-ന് ആരംഭിക്കുന്നു. എല്ലാ രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും രാവിലെ 9.30 മുതൽ 1.30 വരെയാണ് ക്ലാസ്സുകൾ നടത്തപ്പെടുന്നത്. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും കൗൺസിലിംഗ് രംഗത്ത് പ്രവർത്തിക്കുന്നവർക്കും, പ്രവർത്തിക്കുവാനാഗ്രഹിക്കുന്നവർക്കും, കുടുംബ ജീവിതം നയിക്കുന്നവർക്കും ഏറെ ഉപകാരപ്രദമായ ഈ കോഴ്സിലേക്ക് ഏവർക്കും സ്വാഗതം.

വിദ്യാഭ്യാസയോഗ്യത +2/തത്തുല്യ കോഴ്സുകൾ

പ്രായപരിധി ഇല്ല. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 9447536442

*FA 27 /2018* **പോസ്റ്റ്മാര്യേജ് കൂട്ടായ്മ**

2017ഏപ്രിൽ-മെയ് മാസങ്ങളിൽ NESTT-ൽ Pre-marriage കോഴ്സിൽ പങ്കെടുത്തവരുടെ കുടുംബസമ്മേളനം മെയ് 13 ഞായർ ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തും. കൂട്ടായ്മയോടനുബന്ധിച്ച് വി. കുർബാന, ദിവ്യകാരുണ്യ ആരാധന, അനുഭവങ്ങൾ പങ്കുവയ്ക്കൽ, സ്നേഹവിരുന്ന് എന്നിവയും നടത്തപ്പെടും.

*FA 28 /2018* **രൂപത എക്സിക്യൂട്ടീവ്**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത എക്സിക്യൂട്ടീവ് മെയ് 16 ബുധൻ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

*FA 29 /2018* **രാത്രിആരാധന**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള രാത്രി ആരാധന മെയ് 11 വെള്ളി വൈകിട്ട് 6 മുതൽ രാത്രി 1 മണിവരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽവച്ച് നടത്തപ്പെടുന്നു.

*FA 30/2018* **യൂദിത്ത്ധ്യാനം**

യൂദിത്ത്ധ്യാനം മെയ് 18 വെള്ളി വൈകിട്ട് 4 മുതൽ 20-ാം തീയതി വൈകിട്ട് 5 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ.

*FA 31/2018* **Marriage Preparation Courses in Kerala, 2018 May**

| DIOCESE / ARCHDIOCESE | PHONE NUMBER | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|---|
| Alappuzha | 8113934970 | | | 18-20 | |
| Changanacherry | 0481-2424476 | | 7-9 | 14-16 | 28-30 |
| Ernakulam (Kaloor) | 0484-2533077 | 6-8 | 14-16 | 21-23 | 28-30 |
| Ernakulam (Kalady) | 0484-2462607 | 1-3 | 15-17 | 22-24 | 29-31 |
| Idukki | 04864222632, 9447777935 | | 14-16 | | 25-27 |
| Irinjalakuda | 0480-2880439,9447992216 | | 7-9 | 21-23 | 28-30 |
| Kanjirappally | 0482-8205628, 9497096431 | | 7-9 | | 24-26 |
| Kannur | 8281094466 | 1-4 | | | |
| Kochi (Latin) | 0484-2328077, 8547723791 | | 10-13 | | |
| Kollam (Latin) | 0474-2749349, 9645671314 | | 9-11 | | 23-25 |
| Kothamangalam | 0485-2989222,9495011191 | 2-4 | | 16-18 | |
| Kottappuram (Latin) | 0480-2807733, 9446605551 | 2-4 | | | |
| Kottayam | 04812790947, 9495080049 | | 10-12 | | |
| Kozhikode | 9349437053 | | 9-12 | | |
| Mananthavady | 0493-5241335, 9567764944 | | 6-9 | | 20-23 |
| Mavelikkara (Malankara) | 9447280528 | | 11-13 | | |
| Neyyattinkara(Latin) | 9447005093 | | 9-11 | | |
| Palai | 0482-2210049 | | 7-9 | | 21-23 |
| Palakkad | 8281340073 | | 7-10 | | |
| Pathanamthitta | 9496806089 | | 11-13 | | |
| Sulthanpett | 9495911256 | | 15-16 | | |
| Thalassery | 0490-2343414, 9446679001 | | 8-10 | | 22-24 |





| | | | | | |
|---|---|---|---|---|---|
| Thamarassery | 0495-2730860, 9495693810 | | 8-11 | | |
| Thiruvalla | 9895556074 | | 8-10 | | 22-24 |
| Thiruvananthapuram(Latin) | 9895092479 | | 7-9 | | 25-27 |
| Thiruvananthapuram(Malankara) | 8304841964 | | 11-13 | | |
| Thrissur | 0487-2336066, 9605043327 | 2-4 | 9-11 | 16-18 | 23-25, 30-1 |
| Varappuzha | 0484-2393739 | 4-6 | | 18-20 | |
| Vijayapuram | 9447182300 | | 10-12 | | |

*Director*

## മാതൃവേദി

*MV 14/2018* **സെനറ്റ് മീറ്റിംഗ്**

മാതൃവേദി സെനറ്റ് മീറ്റിംഗ് മെയ് 30-ന് രാവിലെ 10 മുതൽ ഉച്ച വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു.

*MV 15/2018* **ഉണർവ്**

മാർച്ച് 20-ന് പ്രസംഗപരിശീലനത്തെക്കുറിച്ച് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് Mr. Reynold ക്ലാസ്സെടുക്കുകയും തുടർന്ന് അമ്മമാർക്ക് പരിശീലനം നൽകുകയും ചെയ്തു. ഇതിൽ 67 പേർ പങ്കെടുത്തു. ‘Parenting’ എന്ന വിഷയത്തെക്കുറിച്ചു ഏപ്രിൽ 17-ാം തീയതി Adv. Fijo Joseph നെസ്റ്റിൽ വച്ച് ക്ലാസ്സെടുത്തു. ഈ ക്ലാസ്സിൽ 59 അമ്മമാർ പങ്കെടുത്തു.

ഉണർവിന്റെ അടുത്ത ക്ലാസ്സ് മെയ് 15-ന് ആയിരിക്കും.

*MV 16/2018* **ബൈബിൾ കയ്യെഴുത്ത് മത്സരം**

അമ്മമാർക്ക് വേണ്ടി സംഘടിപ്പിച്ചിരിക്കുന്ന ബൈബിൾ കയ്യെഴുത്ത് മത്സരത്തിന്റെ registration മെയ് 15 വരെയും, രൂപതാകേന്ദ്രത്തിൽ ബൈബിൾ സമർപ്പിക്കേണ്ടതിന്റെ അവസാന തീയതി സെപ്റ്റംബർ 30 വരെയും ആക്കി നീട്ടിയിരിക്കുന്നു.

*MV 17/2018* **K.C.B.C. Womens Commission**

മെയ് 14,15 തീയതികളിൽ പാലാരിവട്ടം P.O.C യിൽ വച്ച് Womens Commission -ന്റെ ദ്വിദിനക്യാമ്പും നേതൃത്വപരിശീലനവും നടക്കുന്നു. രൂപതയിൽ നിന്നും ഭാരവാഹികൾ ഉൾപ്പെടെ 10 പേരാണ് പങ്കെടുക്കുന്നത്.

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 26/2018* **സംസ്ഥാനസമ്മേളന റാലി, പൊതു സമ്മേളനം**

മൂന്നു വർഷംകൊണ്ട് കേരള കത്തോലിക്കാ സമുദായത്തിന്റെ മാധ്യമജാഗ്രതാ സേനയായി വളർന്ന ദീപിക ഫ്രണ്ട്സ് ക്ലബിന്റെ സംസ്ഥാന സമ്മേളനം മേയ് 26-ാം തീയതി പാലായിൽ വച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ദീപിക ദിനപത്രത്തിന്റെ വളർച്ചയ്ക്ക് ആക്കംകൂട്ടുവാനുള്ള ഈ കൂട്ടായ പ്രയത്നത്തിന് എല്ലാ ബഹുമാനപ്പെട്ട അച്ചന്മാരുടെയും പരിപൂർണ്ണ പിന്തുണ പ്രതീക്ഷിക്കുന്നു. ഇതിനായി ഇടവകയിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ്, കൈക്കാരന്മാർ, ഭക്തസംഘടന നേതാക്കൾ, കുടുംബക്കൂട്ടായ്മാഭാരവാഹികൾ, യോഗ പ്രതിനിധികൾ, ഡി.എഫ്.സി പ്രവർത്തകർ തുടങ്ങി സാധിക്കുന്നിടത്തോളം വിശ്വാസികളെ പങ്കെടുപ്പിക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. കൂടാതെ താഴെപറയുന്നവയുടെ വിജയത്തിനായി ക്രമീകരണങ്ങൾ നടത്തുവാൻ ആത്മാർത്ഥമായി ശ്രമിക്കുമല്ലോ.

**1. കേരള കർഷക ജാഥ**

മേയ് 2-ന് വെള്ളരിക്കുണ്ടിൽനിന്നും ആരംഭിച്ച് മേയ് 23-നു തിരുവനന്തപുരത്ത് സമാപിക്കുന്ന കർഷകറാലിയിലൂടെ കേരള കാർഷിക മേഖലയുടെ യഥാർത്ഥ അവസ്ഥയിലേക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുവാനും കാർഷിക പ്രശ്നങ്ങളെ പൊതുസമൂഹമധ്യത്തിൽ എത്തിക്കുവാനും കർഷകരോടൊപ്പം ദീപികയും സഭയും ഉണ്ട് എന്നു സമൂഹത്തെ ബോധ്യപ്പെടുത്താനും ലക്ഷ്യമിടുന്നു. കർഷകവൃത്തി - കേരള സമൃദ്ധി എന്നതാണ് ജാഥയുടെ മുദ്രാവാക്യം. ഈ ജാഥ നമ്മുടെ രൂപതയിൽ മേയ് 14-ാം തീയതിയാണ് എത്തിച്ചേരുക.

**2. ഒരു കോടി ഒപ്പ്**

കേരളത്തിൽ ഇന്ന് കാർഷിക മേഖലയിലും ചെറുകിട വ്യാപാര മേഖലയിലും അനുഭവപ്പെടുന്ന അസ്വസ്ഥതകളും ആശങ്കകളും ദൂരീകരിക്കാൻ ശക്തമായ നടപടിയും നിലപാടും വേണമെന്ന് ആവശ്യപ്പെട്ട് ഒരു കോടി ആളുകൾ ഒപ്പിട്ട നിവേദനം കേന്ദ്ര കൃഷിമന്ത്രിക്കും മുഖ്യമന്ത്രിക്കും സമർപ്പിക്കുന്നു.

**3. തീവ്രപ്രചാരണ മാസം**

നവീകരിച്ച പ്രസ്സിൽ നിന്നുള്ള പത്രത്തിന്റെ പ്രകാശനം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടത്തുന്നു. അഭിമാനകരമായ സർക്കുലേഷനിലേക്ക് ദീപികയെ ഉയർത്തുവാൻ, ദീപികയില്ലാത്ത കുടുംബങ്ങളിൽ ദീപിക എത്തിക്കാൻ പരിശ്രമിക്കുമല്ലോ.





*DFC 27/2018* **സ്റ്റേറ്റ് കമ്മിറ്റി യോഗങ്ങൾ**

മെയ് 26-ന് പാലായിൽ വച്ച് നടക്കുന്ന ഡി. എഫ്.സി. സംസ്ഥാന കൺവെൻഷൻ റാലി, മെയ് 2-ന് ആരംഭിക്കുന്ന കേരള കർഷക ജാഥയുടെ നടത്തിപ്പ് എന്നിവയെക്കുറിച്ച് ആലോചിക്കുന്നതിനായി ഏപ്രിൽ 3-ാം തീയതിയും 26-ാം തീയതിയും കോട്ടയം ദീപിക ഓഫീസിൽ വച്ച് സംസ്ഥാനസമിതി യോഗങ്ങൾ ചേർന്നു.

*DFC 28/2018* **പാരീഷ് വിസിറ്റ്**

മൂവാറ്റുപുഴ കൺവെൻഷനു മുന്നോടിയായി ഏപ്രിൽ 10-ാം തീയതി രൂപതാഭാരവാഹികൾ മൂവാറ്റുപുഴ ഫൊറോനായിൽ പാരീഷ് വിസിറ്റ് നടത്തി.

*DFC 29/2018* **വനിത ഫോറം രൂപത കൺവെൻഷൻ**

ഏപ്രിൽ 27-ന് 10.30 am മുതൽ മൂവാറ്റുപുഴ നിർമ്മല കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് ഡി.എഫ്.സി. വനിത ഫോറം രൂപതതല കൺവെൻഷൻ നടന്നു. ഭൂരിഭാഗം ഇടവകകളിൽ നിന്നും യൂണിറ്റ് ഭാരവാഹികൾ ഉൾപ്പെടെ 10 വീതം വനിതകൾ പങ്കെടുത്തു.

*DFC 30/2018* **വനിത ഫോറം രൂപത കമ്മിറ്റി യോഗങ്ങൾ**

ഏപ്രിൽ 13-നും 23-നും വനിത ഫോറം രൂപത കമ്മിറ്റി യോഗങ്ങൾ ചേർന്ന് കൺവെൻഷൻ വിജയിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു.

*DFC 31/2018* **ഡി.എഫ്.സി. രൂപത കമ്മിറ്റി യോഗം**

മെയ് 26-ന് നടക്കുവാനിരിക്കുന്ന സംസ്ഥാന കൺവെൻഷൻ 14-ന് രൂപതയിൽ നടക്കുവാനിരിക്കുന്ന വിളംബര ജാഥ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുവാനായി ഏപ്രിൽ 16-ന് മൂവാറ്റുപുഴ നിർമ്മല കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് രൂപതാ കമ്മിറ്റി യോഗം ചേർന്നു. രൂപതയിലെ മറ്റു സംഘടനകളുടെ പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു.

*DFC 32/2018* **മൂവാറ്റുപുഴ, ഊന്നുകൽ ഫൊറോന കൺവെൻഷനുകൾ**

ഏപ്രിൽ 17-ാം തീയതി മൂവാറ്റുപുഴ ഫൊറോന കൺവെൻഷൻ നിർമ്മല എച്ച്.എസ്.എസ്. ഓഡിറ്റോറിയത്തിൽ വച്ചും 18-ാം തീയതി ഊന്നുകൽ ഫൊറോന കൺവെൻഷൻ ലിറ്റിൽ ഫ്ളവർ ചർച്ച് ഓഡിറ്റോറിയത്തിൽ വച്ചും നടന്നു. മൂവാറ്റുപുഴയിൽ ഫൊറോന വികാരി റവ. ഫാ. പോൾ നെടുമ്പുറത്തും ഊന്നുകല്ലിൽ ഫൊറോന ഡയറക്ടർ റവ. ഫാ. ജോസ് കിഴക്കേലും കൺവെൻഷനുകൾ ഉദ്ഘാടനം ചെയ്തു.

*DFC 33/2018* **ഫൊറോന കമ്മിറ്റി യോഗങ്ങൾ**

ഏപ്രിൽ 20-ന് കോതമംഗലത്തും 24-ന് മാറികയിലും ഫൊറോന കമ്മിറ്റി യോഗങ്ങൾ നടന്നു.

Co-ordinator

# യുവദീപ്തി

*YD 9/2018* **അമ്മ മനസ്സ് - ആനിമേറ്റേഴ്സ് മീറ്റ്**

എല്ലാ യൂണിറ്റ്, ഫൊറോന ആനിമേറ്റർ സിസ്റ്റേഴ്സിനെയും ആദരിക്കുന്നതിനും അവരുടെ അഭിപ്രായങ്ങൾ അറിയുന്നതിനും ആവശ്യങ്ങൾ മനസ്സിലാക്കുന്നതിനും വേണ്ടി ഏപ്രിൽ 14-ാം തീയതി ഉച്ച കഴിഞ്ഞ് 2 മണിക്ക് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് ആനിമേറ്റേഴ്സ് മീറ്റ് അമ്മ മനസ്സ് എന്ന പേരിൽ നടത്തപ്പെട്ടു. നാൽപ്പതോളം ആനിമേറ്റർ സിസ്റ്റേഴ്സ് പങ്കെടുത്ത യോഗം കോതമംഗലം രൂപതയുടെ അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു.

*YD 10/2018* **നിറവ് - യുവജന ധ്യനം**

യുവദീപ്തി കെ.സി.വൈ.എം. കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ 2018-19 പ്രവർത്തനവർഷത്തിലെ യുവജന ധ്യാനം 'നിറവ് 2018' എന്ന പേരിൽ ഏപ്രിൽ 14-17 തീയതികളിൽ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ധ്യാനം നയിച്ചത് റവ. ഫാ. ജേക്കബ് പാണ്ഡ്യാപറമ്പിൽ & ടീം. നൂറോളം യുവജനങ്ങൾ പങ്കെടുത്ത യുവജന ധ്യാനം എല്ലാ യുവജനങ്ങൾക്കും ആത്മീയ വളർച്ചയ്ക്കും പരിശുദ്ധാത്മാവിൽ നിറയുന്നതിനും ഏറെ സഹായകമായി.

*Director*

# ജീസസ് യൂത്ത്

*JY 14/2018* **പന്തക്കുസ്താ ദിനാചരണം**

കോതമംഗലം സോൺ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ പന്തക്കുസ്താ ദിനാചാരണവും Commitment എടുക്കലും മെയ് 20-ാം തീയതി 2.00 pm മുതൽ 5.00 pm വരെ നിർമ്മല കോളേജിൽ വച്ച് നടത്തുന്നു.

*JY 15/2018* **Full timers സ്വീകരണം**

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ജീസസ് യൂത്തിനുവേണ്ടി ഒരു വർഷം Full timers ആയി പോയ അലക്സ് സോജൻ, ആൻമേരി ബെന്നി, ആൻമരിയ മാനുവൽ, അൽഫോൻസാ ബെന്നി, അജോ പയസ്, നിധിൻ ബോബൻ എന്നിവർ സോണിൽ തിരിച്ചെത്തി. അവർക്ക് സോണിന്റെ





നേതൃത്വത്തിൽ സ്വീകരണവും അനുമോദനവും 18-ാം തീയതി ജയ്റാണി പബ്ലിക് സ്കൂളിൽ വച്ച് നടത്തി.

*JY 16/2018* **നൈറ്റ് വിജിൽ**

കോതമംഗലം സോൺ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ എല്ലാ രണ്ടാം വെള്ളിയാഴ്ചയും നടത്തിവരുന്ന നൈറ്റ് വിജിൽ ഏപ്രിൽ 13-ാം തീയതി മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. അടുത്ത നൈറ്റ് വിജിൽ മെയ് 11-ന് നടത്തുന്നു.

*Animator*

# ഡി.സി.എം.എസ്.

*DCMS 4 /2018* **നന്ദിയുടെ ഒരു വാക്ക്**

ഏപ്രിൽ 11-ാം തീയതി മുതൽ 14-ാം തീയതി വരെ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്ന ജീവിത ദർശന ക്യാമ്പിൽ 75 കുട്ടികൾ പങ്കെടുത്തു. ക്യാമ്പിലേക്ക് കുട്ടികളെ പറഞ്ഞയച്ച ബ. അച്ചൻമാർക്കും മാതാപിതാക്കൾക്കും ബ. സിസ്റ്റേഴ്സിനും പ്രത്യേകം നന്ദി.

*Director*

# ഓൾ കേരള കാത്തലിക് കോൺഗ്രസ്

*AKCC 16/2018* **ശതാബ്ദി പ്രതിനിധി സമ്മേളനം**

കത്തോലിക്ക കോൺഗ്രസിന്റെ ശതാബ്ദി ആഘോഷങ്ങളുടെ സമാപന സമ്മേളനം 2018 മെയ് 13-ാം തീയതി തൃശൂരിൽ വച്ച് നടക്കുകയാണ്. ഒരു ലക്ഷത്തിലധികം പേർ പങ്കെടുക്കുന്ന ഈ സമുദായ മഹാ സമ്മേളനത്തിൽ കോതമംഗലം രൂപതയുടെ സജീവ പങ്കാളിത്വം ഉറപ്പുവരുത്തുന്നതിന് വേണ്ടി 2018 മാർച്ച് 24-ാം തീയതി കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതാ ജനറൽ കൗൺസിൽ വാഴക്കുളം സെന്റ് ജോർജ് ഫൊറോന പള്ളി പാരീഷ് ഹാളിൽ ചേർന്നു. രൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികളാണ് ഈ സമ്മേളനത്തിൽ പങ്കെടുത്തത്.

രൂപതാ പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം കോതമംഗലം രൂപതാ അദ്ധ്യക്ഷൻ മാർ. ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവാണ് ഉദ്ഘാടനം ചെയ്തത്. നമ്മുടെ സമുദായത്തിന്റെ കൂട്ടായ്മ കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ അവകാശ സംരക്ഷണത്തിന് അനിവാര്യമാണെന്ന് പിതാവ് ഉദ്ഘാടന സന്ദേശത്തിൽ ഓർമ്മിപ്പിച്ചു.

"കത്തോലിക്ക സഭയും സമുദായ സ്നേഹവും" എന്ന വിഷയത്തെ ആധാരമാക്കി ഈ സമ്മേളനത്തിൽ കത്തോലിക്ക കോൺഗ്രസ് തൃശൂർ രൂപതാ പ്രസിഡന്റ് പ്രൊഫ. കെ. എം. ഫ്രാൻസീസ് ക്ലാസുകൾ നയിച്ചു.

*AKCC 17/2018* **സമുദായ മഹാസമ്മേളനം വിജയിപ്പിക്കുക**

കത്തോലിക്ക കോൺഗ്രസ്സിന്റെ ശതാബ്ദി സമാപന സമ്മേളനത്തോട് അനുബന്ധിച്ച് നടക്കുന്ന സമുദായ മഹാസമ്മേളനവും റാലിയും വിജയിപ്പിക്കാൻ എല്ലാവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. 2018 മെയ് 13-ാം തീയതി തൃശൂരിൽ വച്ചു നടക്കുന്ന ഈ സമ്മേളനത്തിൽ നമ്മുടെ രൂപതയിൽ നിന്ന് 3000 പേരെ പങ്കെടുപ്പിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഈ സമ്മേളനത്തിൽ നമ്മുടെ രൂപതയുടെ സജീവ പങ്കാളിത്തം ഉണ്ടാവണം.

ഇടവകകളിൽ നിന്നും വിവിധ ഭക്തസംഘടനകളുടേയും പ്രസ്ഥാനങ്ങളുടേയും പങ്കാളിത്വത്തോടെ ഒരു ബസിനെങ്കിലും ആളുകളെ പങ്കെടുപ്പിക്കാൻ ശ്രമിക്കണം. നിലവിൽ നാം നേരിടുന്ന പ്രതിസന്ധികൾ കണക്കിലെടുത്ത് ഈ സമ്മേളനം വിശ്വാസത്തിന്റേയും ഐക്യത്തിന്റേയും ആവേശം ഉണർത്തുന്ന ഒരു പ്രഖ്യാപനമായി മാറുവാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

*Director*

## ഇൻഫാം

*INF 6 /2018* **ഇൻഫാം ആഗ്രോ ഇന്നൊവേഷൻ അവാർഡുകൾ പ്രഖ്യാപിച്ചു**

കാർഷികമേഖലയിലെ നൂതന സാങ്കേതിക കണ്ടുപിടുത്തങ്ങൾക്ക് ഇൻഡ്യൻ ഫാർമേഴ്സ് മൂവ്മെന്റ് (ഇൻഫാം) ഏർപ്പെടുത്തിയ ''ഇൻഫാം ആഗ്രോ ഇന്നൊവേഷൻ'' അവാർഡുകൾ പ്രഖ്യാപിച്ചു.

ആന്റി നിറ്റോ പി.ബി. പുതുപ്പള്ളിൽ- മലപ്പുറം, അഡ്വ.ജോബി സെബാസ്റ്റ്യൻ കുരിശുംമൂട്ടിൽ-കോതമംഗലം, വിൽസൺ കെ.എസ്. കൊച്ചുവീട്ടിൽ- കോഴിക്കോട് എന്നിവരാണ് അവാർഡ് ജേതാക്കൾ. ഇൻഫാം സംസ്ഥാനസമിതിയാണ് അവാർഡ് ജേതാക്കളെ നിർണ്ണയിച്ചത്. കൃഷി ആവശ്യങ്ങൾക്ക് ഒരു മണിക്കൂറിനുള്ളിൽ 80 കുഴികൾ തീർക്കാവുന്ന യന്ത്രമാണ് ആന്റി നിറ്റോ പി.ബി.നിർമ്മിച്ചിരിക്കുന്നത്. ഒരേസമയം 50 കിലോഗ്രാം വരെ വിവിധയിനം പഴങ്ങൾ ഉണങ്ങിയെടുക്കാവുന്ന ഡ്രൈയറിന് അഡ്വ.ജോബി കുരിശുംമൂട്ടിലും, ഇരുന്നു





കൊണ്ട് തെങ്ങു കയറാവുന്ന യന്ത്രത്തിന് വിൽസൺ കെ.എസും രൂപകൽപന ചെയ്തു.

*Director*

## അല്മായഫ്രാൻസിസ്കൻ സഭ

*SFO 12/2018* **കല്ലാനിക്കൽ യൂണിറ്റ്**

ഏപ്രിൽ 8-ാം തീയതി രൂപതാ ഭാരവാഹികൾ കല്ലാനിക്കൽ യൂണിറ്റ് സന്ദർശിക്കുകയും യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. യൂണിറ്റ് മിനിസ്റ്റർ മേരി ജോർജ് പുതൂർ, വൈസ് മിനിസ്റ്റർ മേരി കുര്യാക്കോസ് വാകണ്ടത്തിൽ, സെക്രട്ടറി മേരിക്കുട്ടി ജോസ് മുണ്ടയ്ക്കൽ, ട്രഷറർ ഷീല ബേബി പൂവണികുന്നേൽ, ഫോർമേറ്റർ ബ്രിജിത് ജോസ് മടുക്കയിൽ, കൗൺസിലേഴ്സ് ചിന്നമ്മ മാത്യു മുട്ടുചിറ, മേരി ജോൺ കോടമുള്ളിൽ എന്നിവരാണ്.

*SFO 13/2018* **യൂണിറ്റ് സന്ദർശനം**

രൂപതാ സ്പിരിചൽ ഡയറക്ടർ റവ. ഫാ. ജോബി കരിക്കംപള്ളിച്ചിറയുടെ നേതൃത്വത്തിൽ പെരുമ്പല്ലൂർ, ലോറെറ്റോ, കോടിക്കുളം എന്നീ യൂണിറ്റുകൾ സന്ദർശിച്ച് ഫ്രാൻസിസ്ക്കൻ മൂന്നാം സഭയുടെ വളർച്ചയ്ക്കു വേണ്ടതായ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 15/2018* **പന്തക്കുസ്താ ദിനാഘോഷം**

കോതമംഗലം സോണിൽ പന്തക്കുസ്താ ദിനം മെയ് 18 വെള്ളിയാഴ്ച കാരക്കുന്നം സെന്റ് മേരീസ് ദൈവാലയത്തിൽ രാവിലെ 9.30 മുതൽ സമുചിതമായി ആഘോഷിക്കുന്നു. ജപമാല, സ്തുതി, ആരാധന, വി. കുർബാന, വചന പ്രഘോഷണം, ദിവ്യകാരുണ്യാരാധന, അഭിഷേക പ്രാർത്ഥന എന്നിവ ഉണ്ടായിരിക്കും.

പന്തക്കുസ്താദിനത്തിന്റെ മുന്നൊരുക്കമായി കോതമംഗലം സോണിലെ എല്ലാ സബ്സോണുകളുടെയും, നേതൃത്വത്തിൽ വിവിധ ഇടവകകളിലായി 9 ദിവസത്തെ മുന്നൊരുക്ക പ്രാർത്ഥനകളും ഉണ്ടായിരിക്കും.

*PG 16/2018* **ക്രിസ്റ്റീൻ ധ്യാനം 2018**

കോതമംഗലം സബ് സോണിന്റെ നേതൃത്വത്തിൽ ഏപ്രിൽ 16 മുതൽ 18 വരെ സെന്റ് അഗസ്റ്റിൻസ് ഗേൾസ് ഹൈസ്കൂളിൽ വച്ച്

ക്രിസ്റ്റീൻ ധ്യാനം നടന്നു. റവ. ഫാ. ജോസഫ് വാണിയങ്ങാട് സി.എസ്.റ്റി.യുടെ നേതൃത്വത്തിൽ, ബ്രദർ ജോഫി കറുകുറ്റിയുടെ സസ്നേഹം മിനിസ്ട്രിയാണ് ധ്യാനം നയിച്ചത്.

സമാപന ദിവസം കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേകം ക്ലാസ്സ് ഉണ്ടായിരുന്നു. 200-ൽ പരം കുട്ടികൾ ധ്യാനിച്ചു. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നല്കി.

*PG 17/2018* **ജീവ വാരം**

കെ.സി.ബി.സി. കരിസ്മാറ്റിക് നവീകരണ കമ്മീഷന്റെ മുഖപത്രമായ ജീവജ്വാലയുടെ പ്രചരണാർത്ഥം മെയ് 7 മുതൽ 13 വരെ ജീവ വാരം ആചരിക്കുന്നു.

കോതമംഗലം സോണിലെ 8 സബ് സോണുകളുടെ നേതൃത്വത്തിൽ വിവിധ ഇടവകകളിലായി വ്യക്തികളേയും കുടുംബങ്ങളേയും കേന്ദ്രീകരിച്ചുള്ള സ്ക്വാഡ് പ്രവർത്തനങ്ങൾ ഈ ദിവസങ്ങളിൽ ഉണ്ടാകും.

*Director*

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 16 /2018* **പെരിങ്ങഴ**

സെന്റ് ജോസഫ്സ് കോൺഫറൻസ് ജൂബിലി വർഷം പ്രമാണിച്ച് ഇടവകയിലുള്ള മുഴുവൻ സിമന്റ് തേയ്ക്കാത്ത വീടുകളും തേച്ചു കൊടുക്കുവാൻ തീരുമാനിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

*SV 17 /2018* **കല്ലൂർക്കാട്**

കല്ലൂർക്കാട് സെന്റ് അഗസ്റ്റിൻസ് കോൺഫറൻസിന്റെയും, പുതിയതായി രൂപീകൃതമാകാൻ പോകുന്ന വനിത/യുവജന കോൺഫറൻസുകളുടെയും സംയുക്ത സെമിനാർ നടത്തി. നാഷണൽ കൺസീലിയേഷൻ ചെയർമാൻ ബ്ര. പി.ഐ. ജോസഫ് പെരിയക്കോട്ടിൽ സെമിനാർ നയിച്ചു. റവ. ഫാ. ജോസഫ് കുഴികണ്ണിയിൻ ഉദ്ഘാടനം ചെയ്തു.

*SV 18 /2018* **കാളിയാർ**

വിശ്വാസ ജീവിതത്തിൽ നിന്നും അകന്നു കഴിഞ്ഞിരുന്ന ഒരു കുടുംബത്തിലെ അപ്പൻ, അമ്മ, രണ്ട് ആൺമക്കൾ എന്നിവരെ വിശ്വാസ തീക്ഷ്ണതയുള്ളവരാക്കി മാറ്റുവാൻ കാളിയാർ സെന്റ് റീത്താസ് കോൺഫറൻസ് അംഗങ്ങൾക്കായി.





*SV 19 /2018* **കാളിയാർ ഏരിയാ കൗൺസിലിന്റെ ജയിൽ സന്ദർശനം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, കോതമംഗലം സെൻട്രൽ കൗൺസിലിന്റെ വജ്ര ജൂബിലിയുടെ ഭാഗമായി കാളിയാർ ഏരിയാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ മാർച്ച് മാസം 24-ാം തീയതി യുവാക്കൾക്കായുള്ള ജയിലിൽ സന്ദർശനം നടത്തി.

യാത്രാ സംഘത്തോടൊപ്പം ചേർന്ന സുപ്രസിദ്ധ മജീഷ്യൻ ശ്രീ. ജോയിസ് മുക്കുടം 50- ഓളം വരുന്ന തടവുകാരുടെ മുൻപിൽ തന്റെ മാജിക് ഷോ നടത്തി.

ആമുഖമായി ഏരിയാ കൗൺസിൽ പ്രസിഡന്റ് സൊസൈറ്റിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ച് ഒരു ലഘുവിവരണം നല്കി. ജയിൽ മിനിസ്ട്രിയുടെ കോ-ഓർഡിറ്റേർ റവ. ഫാ. ബിനോയ് തടവുകാർക്ക് ആശംസകൾ നേർന്നു. തുടർന്ന്, തടവുകാർക്ക് മധുര പലഹാരം വിതരണം നടത്തിയശേഷം സംഘാംഗങ്ങൾ ജയിലിൽ നിന്നും മടങ്ങി.

*SV 20 /2018* **വെളിയേൽച്ചാൽ**

വജ്രജൂബിലി വർഷം പ്രമാണിച്ച് ജൈവപച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ഇടവകയിലെ ഒരു കുടുംബത്തിന് അഞ്ച് ഗ്രോ ബാഗുകൾ വീതം 100 കുടുംബങ്ങൾക്ക് നൽകി. ഇടവകയിലെ 13 നിർധന വിദ്യാർത്ഥികൾക്കായി സ്റ്റഡി ടേബിളും കസേരകളും നൽകി.

സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായകമായി ഒരു ഫോർവീൽ സൈക്കിൾ ഷോപ്പ് ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഡോ. തോമസ് പോത്തനാമൂഴി വെഞ്ചരിച്ച് നല്കി.

*SV 21 /2018* **പൈങ്ങോട്ടൂർ**

സെന്റ് ആന്റണീസ് കോൺഫറൻസ് ജൂബിലി സ്മാരകമായി നിർമ്മിച്ച വീടിന്റെ വെഞ്ചരിപ്പ് വികാരി ജനറാൾ മോൺ ജോർജ്ജ് ഓലിയപ്പുറം നിർവ്വഹിക്കുകയും റണ്ണിംഗ് പ്രോജക്ടിന്റെ ഭാഗമായി 160 ആടുകളെ വിതരണം ചെയ്യുകയും ചെയ്തു. ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഫാ. ജോർജ്ജ് വടക്കേൽ വിതരണോദ്ഘാടനം നിർവ്വഹിച്ചു.

*SV 22 /2018* **കോതമംഗലം**

സെന്റ് ജോർജ്ജ് ലേഡീസ് കോൺഫറൻസ് ജൂബിലി സ്മാരകമായി തയ്യൽ മെഷിനുകൾ വിതരണം ചെയ്തു. വിതരണോദ്ഘാടനം ആദ്ധ്യാത്മികോപദേഷ്ടാവ് വെരി. റവ. ഫാ. മാത്യൂസ് മാളിയേക്കൽ നിർവ്വഹിച്ചു.

*SV 23 /2018* **കുളപ്പുറം**

കാൽവരിഗിരി കോൺഫറൻസ് ഇടവകയിലെ മാതൃവേദിയുടെ സഹകരണത്തോടെ വയോജനസംഗമം നടത്തി. ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഫാ. ജോൺസൺ ഒറോപ്ലാക്കൽ വയോജനങ്ങളെ ആദരിച്ചു.

ജൂബിലി സ്മാരകമായി ഇടവകയിൽ മൂന്നാം ഘട്ടം ആട് വിതരണത്തിന്റെ ഉദ്ഘാടനം റവ. ഫാ. ജോൺസൺ ഒറോപ്ലാക്കൽ നടത്തി.

*Director*

## കേരള ലേബർ മൂവ്മെന്റ്

*KLM 5/2018* **മെയ് 1 – തൊഴിലാളി ദിനം**

രൂപത കെ.എൽ.എം.-ന്റെ ആഭിമുഖ്യത്തിൽ തൊഴിലാളി ദിനമായി ആചരിക്കുന്നു. മെയ് 1 ചൊവ്വ ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്ന സമ്മേളനം രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് ഉദ്ഘാടനം ചെയ്യും. പ്രസിഡന്റ് റോയി കാവാട്ട് അദ്ധ്യക്ഷത വഹിക്കും.

*KLM 6/2018* **ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് മീറ്റ്**

യൂണിറ്റ് ഡയറക്ടർമാരുടേയും ആനിമേറ്റേഴ്സിന്റേയും ഒരു സംയുക്തയോഗം മേയ് 10-ന് ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. സംസ്ഥാന ഡയറക്ടർ ഫാ. ജോർജ് നിരപ്പുകാലായിൽ, പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ പങ്കെടുക്കും.

## നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | | |
|---|---|---|
| May 2-4 | - | Pre- Marriage Course |
| " 8 | - | റെഡ് ക്രോസ് മീറ്റിംഗ് |
| " 10-13 | - | എയ്ഞ്ചൽസ് ആർമി ഫാമിലി ധ്യാനം |
| " 16-18 | - | Pre- Marriage Course |
| " 18-20 | - | റെഡ് ക്രോസ് സ്റ്റേറ്റ് ക്യാമ്പ് |

*Director*





## രൂപതാദ്ധ്യക്ഷന്റെ ഡയറി

**മാർച്ച്**

20 • തിരുഹൃദയസന്യാസിനി സഭാംഗമായ സി. സ്റ്റീഫൻ കാപ്പിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മൈലക്കൊമ്പ് മഠം ചാപ്പലിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

22 • കത്തീഡ്രൽ ഇടവകയിൽ നാല്പതുമണി ആരാധനയ്ക്ക് സമാപനദിവസം വി. കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

• ബിഷപ്സ് ഹൗസിൽ നടന്ന - ഹയർ എഡ്യൂക്കേഷൻ കമ്മറ്റി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

23 • നാല്പതാം വെള്ളിയാഴ്ചയോടനുബന്ധിച്ച് നടന്ന ആരക്കുഴ മലേക്കുരിശ് തീർത്ഥാടനത്തിൽ പങ്കുചേരുകയും, മലേക്കുരിശിൽ വി. കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

24 • മുതലക്കോടം സെന്റ് ജോർജ് പാരീഷ് ഹാളിൽ ദീപിക പത്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന 'കർഷകൻ' മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

• വാഴക്കുളം സെന്റ് ജോർജ് പാരീഷ് ഹാളിൽ നടന്ന AKCC മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

25 • ഓശാന തിരുനാളിൽ പരിശക്കല്ല്, പഴമ്പിള്ളിച്ചാൽ ഇടവകകളിൽ ഓശാന തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• സി.എം.ഐ. സഭാംഗമായ ബഹു. കുര്യൻ പുത്തൻപുരയ്ക്കൽ അച്ചന്റെ മാതാവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

26 • കത്തീഡ്രലിൽ വി. മൂറോൻ വെഞ്ചരിപ്പ് തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• രൂപതയുടെ കോളേജുകളിൽ നിന്നും ഈ വർഷം വിരമിക്കുന്ന അദ്ധ്യാപകർക്ക് ബിഷപ്ഹൗസിൽ നടന്ന യാത്രയയപ്പ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

29 • പെസഹാ വ്യാഴാഴ്ച തിരുക്കർമ്മങ്ങൾക്ക് കത്തീഡ്രലിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

30 • ദുഃഖവെള്ളിയാഴ്ച തിരുക്കർമ്മങ്ങൾക്ക് ചിലവ് ക്രിസ്തുരാജ ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

• കത്തീഡ്രൽ ഇടവകയുടെ ആഭിമുഖ്യത്തിൽ നടന്ന പരിഹാര പ്രദക്ഷിണത്തിൽ പങ്കുചേർന്നു.

31 • വലിയ ശനിയാഴ്ചയിലെ തിരുക്കർമ്മങ്ങൾക്ക് തൃക്കാരിയൂർ സെന്റ് തോമസ് ഇടവകയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**ഏപ്രിൽ**

1 • മാതിരപ്പിള്ളി സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ ഉയിർപ്പു തിരുനാൾ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

2 • തിരുഹൃദയ സന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ പുതുതായി നിർമ്മിച്ച ബ്ലോക്കിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

• കത്തീഡ്രൽ ഇടവകാംഗമായ ഇടയ്ക്കാട്ടുകുടിയിൽ ബൈജുവിന്റെ നാലാമത്തെ കുട്ടിയായ അബ്രാഹത്തിന്റെ പ്രവേശക കൂദാശകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

03 • വഴിത്തല എസ്.എ.ബി.എസ്. കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

• അഞ്ചിരി ഇടവകാംഗമായ കിഴക്കയിൽ ജോസിന്റെ മകളുടെ അഞ്ചാമത്തെ കുട്ടിയായ മാർട്ടിന്റെ പ്രവേശക കൂദാശകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

04 • വണ്ണപ്പുറം ഇടവകാംഗമായ കുഴിക്കാട്ട് ഷിജുവിന്റെ അഞ്ചാമത്തെ കുട്ടിയായ ഇവാഞ്ചൽ തെരേസയുടെ പ്രവേശക കൂദാശകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

05 • ഇടുക്കി രൂപതയുടെ ദ്വിതീയ മെത്രാനായ മാർ ജോൺ നെല്ലിക്കുന്നേലിന്റെ മെത്രാഭിഷേക കർമ്മത്തിൽ പങ്കുചേർന്നു.

06 • ബഹു. ജോർജ്ജ് നെടുങ്കല്ലേലച്ചന്റെ സഹോദരനായ ചാൾസിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് പൈങ്ങോട്ടൂർ ഇടവകയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

07 • കർമ്മലീത്ത സന്യാസിനി സഭാംഗമായ സി. എയ്മാഡിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ആരക്കുഴ മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

• വാഴക്കാല ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും പുതുതായി നിർമ്മിച്ച മതബോധന പരിശീലനകേന്ദ്രത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

08 • ആരക്കുഴ മലേക്കുരിശിൽ തിരുനാൾ ദിനത്തിൽ വി. കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

• എസ്.എ.ബി.എസ് സന്യാസിനി സഭാംഗമായ സി. ബെറോമിയയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മാറിക മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.





09 • വണ്ടമറ്റം എഫ്.സി.സി. കോൺവെന്റിനോട് അനുബന്ധിച്ച് പുതുതായി നിർമ്മിച്ച മഠംചാപ്പലിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

10 • മൈനർ സെമിനാരിയിൽ പുതുതായി അംഗങ്ങളാകാനുള്ള കുട്ടികളുടെ ഇന്റർവ്യൂ നടത്തി.

• രാജഗിരി ക്രിസ്തുരാജ ദൈവാലയത്തിന്റെ കൂദാശാകർമ്മം നടത്തി.

11 • ഇടുക്കി രൂപതയിലെ ഉദയഗിരി ഇടവകയുടെ ജൂബിലിയോട് അനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും, ആദ്യകുർബാന സ്വീകരണ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

12 • കല്ലാനിക്കൽ ഇടവകാംഗമായ മുണ്ടയ്ക്കൽ ബിജുവിന്റെ അഞ്ചാമത്തെ കുട്ടിയായ ചെറിയാന്റെ പ്രവേശക കൂദാശകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• സി.എം.സി. സന്ന്യാസിനി സഭാംഗമായ സി. അനൻസിയയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കോഴിപ്പിള്ളി പ്രൊവിൻഷ്യൽ ഹൗസ് മഠത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

14 • എസ്.എ.ബി.എസ്. സന്യാസിനി അർത്ഥിനികളുടെ പ്രഥമ വ്രതവാഗ്ദാനത്തിനും, സഭാവസ്ത്ര സ്വീകരണത്തിനും മുഖ്യകാർമ്മികത്വം വഹിച്ചു.

• പുറപ്പുഴ ഇടവകാംഗമായ കുര്യനാൽ തോമസ് ചെറിയാന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• മൂവാറ്റുപുഴ നെസ്റ്റിൽ നടന്ന യൂത്ത് ആനിമേറ്റേഴ്സ് സംഗമത്തിൽ സന്ദേശം നൽകി.

15 • ഇരിങ്ങാലക്കുട രൂപതയിലെ കനകമല ഇടവകയിൽ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നല്കി.

16 • പെരുമ്പല്ലൂർ ഇടവകയിൽ സി.എം.സി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നിർമ്മിച്ചു നല്കിയ ഭവനത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

17 • ബിഷപ്പ്സ് ഹൗസിൽ നടന്ന പ്രിസ്ബിറ്റൽ കൗൺസിലിൽ അദ്ധ്യക്ഷത വഹിച്ചു.

18 • മാനന്തവാടി രൂപതയിലെ യവനാർകുളം ഇടവകാംഗവും

നോർബെർട്ടയിൻ സന്ന്യാസ സഭാഗംവുമായ ഡി. ജോബിഷ് എറത്തിന് പുരോഹിതപട്ടം നല്കി.

19 • മാലിപ്പാറ ഇടവകാംഗമായ മാപ്പലകയിൽ ജോർജ്ജിന്റെ പുതിയ ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

20 • ബിഷപ്പ്സ് ഹൗസിൽ നടന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

# Bishop's Engagements

## May 2018

| | | | | |
|---|---|---|---|---|
| 01 | Tue | Parish hall blessing | Purapuzha | |
| 02 | Wed | SH Vestition | Cathedral | 10.00 am |
| 03 | Thu | Jubilee | Arakuzha | |
| 05 | Sat | Baptism | Pazhampillichal | 08.30 am |
| 06 | Sun | Retreat | Thodupuzha | 4.30 pm |
| 08 | Tue | Vestition & Minor orders | Cathedral | 9.30 am |
| 10 | Thu | Golden Jubilee | Nellimattom | 10.00 am |
| | | AKCC Kaliyar Forane Meeting | Kaliyar | 12.00 noon |
| 13 | Sun | Pastoral Visit | Mamalakandom | |
| 14 | Mon | കർഷകറാലി - DFC | Thodupuzha | |
| 23-25 | Mon | Engaged | | |
| 26 | Sat | MSJ -Final Profession | Generalate | 10.30 am |
| 28 | Mon | SMS | Oonukal | 06.30 am |
| | | Jubilee | Vazhakulam | 11.30 am |
| 30 | Wed | Bishops Regional Monthly Recollection | Changanacherry | |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. കുര്യാക്കോസ് വട്ടക്കുന്നുംപുറം | ചരമദിനം | 07-06-1975 |
| ഫാ. ജോൺ കൊച്ചുമുട്ടം | ” | 11-06-1973 |
| ഫാ. ജോസ് പീച്ചാട്ട് | ” | 11-06-2016 |
| ഫാ. ജോർജ് പടിഞ്ഞാറേക്കൂറ്റ് (Sr.) | ” | 14-06-1966 |
| ഫാ. ജോർജ് നമ്പ്യാപറമ്പിൽ | ” | 25-06-1995 |
| ഫാ. മാത്യു മൂഞ്ഞനാട്ട് | ” | 26-06-2014 |
| ഫാ. ജോർജ് പടിഞ്ഞാറയിൽ | ” | 28-06-2004 |





# നിര്യാതരായി

### റവ. സി. പെർഫെക്റ്റസ് സി.എം.സി. (കൈപ്പട്ടിൽ)

| | | |
|---|---|---|
| ഇടവക | - | ഇലഞ്ഞി |
| ജനനം | - | 19.04.1933 |
| ആദ്യവ്രതം | - | 15.04.1962 |
| നിത്യവ്രതം | - | 15.04.1966 |
| മരണം | - | 28.03.2018 |
| മൃതസംസ്ക്കാരം | - | 31.03.2018 (മൂവാറ്റുപുഴ മഠം) |

### റവ. സി. എയ്മാർഡ് സി.എം.സി. (മണിയാട്ട്)

| | | |
|---|---|---|
| ഇടവക | - | ആരക്കുഴ |
| ജനനം | - | 23.04.1927 |
| ആദ്യവ്രതം | - | 08.02.1949 |
| നിത്യവ്രതം | - | 01.01.1955 |
| മരണം | - | 06.04.2018 |
| മൃതസംസ്ക്കാരം | - | 07.04.2018 (ആരക്കുഴ മഠം) |

### റവ. സി. ബറോമിയ SABS (മലേക്കണ്ടത്തിൽ)

| | | |
|---|---|---|
| ഇടവക | - | കടവൂർ |
| ജനനം | - | 03-11-1930 |
| ആദ്യവ്രതം | - | 13-04-1957 |
| നിത്യവ്രതം | - | 03-06-1961 |
| മരണം | - | 07-04-2018 |
| മൃതസംസ്ക്കാരം | - | 08-04-2018 (മാറിക) |

### റവ. സി. അനൻസിയ സി.എം.സി. (മണ്ഡപത്തിൽ)

| | | |
|---|---|---|
| ഇടവക | - | കുറുപ്പംപടി |
| ജനനം | - | 10.10.1931 |
| ആദ്യവ്രതം | - | 02.02.1956 |
| നിത്യവ്രതം | - | 30.05.1959 |
| മരണം | - | 11.04.2018 |
| മൃതസംസ്ക്കാരം | - | 12.04.2018 (പ്രൊവിൻഷ്യൽ ഹൗസ് കോഴിപ്പിള്ളി) |

### റവ. സി. ഫെലിസിറ്റ SABS (കല്ലിങ്കൽ)

| | | |
|---|---|---|
| ഇടവക | - | ചാലക്കുടി |
| ജനനം | - | 03-08-1931 |
| ആദ്യവ്രതം | - | 13-04-1957 |
| നിത്യവ്രതം | - | 03-06-1961 |
| മരണം | - | 24-04-2018 |
| മൃതസംസ്ക്കാരം | - | 26-04-2018 (മാറിക) |